<u>സബ്മിഷൻ</u>

**എൻഡോസൾഫാൻ ദുരിതബാധിതർ നേരിടുന്ന പ്രശ്നങ്ങൾ**

പ്രതിപക്ഷ നേതാവ് (<u>ശ്രീ. വി.എസ്. അച്ചുതാനന്ദൻ</u>): സർ, എൻഡോസൾഫാൻ ഇരകൾ മുഖ്യമന്ത്രിയുടെ വസതിക്കുമുമ്പിൽ നടത്തിയ സത്യാഗ്രഹത്തെത്തുടർന്ന് 28-01-2014-ൽ ബന്ധപ്പെട്ട മന്ത്രിമാർ ഉൾപ്പെടെ പങ്കെടുത്തുകൊണ്ടുനടന്ന ചർച്ചയിൽ അംഗീകരിക്കപ്പെട്ട തീരുമാനങ്ങൾ ആറു മാസം പിന്നിട്ടിട്ടും പൂർണ്ണമായി നടപ്പിലാക്കപ്പെട്ടിട്ടില്ല. പ്ലാന്റേഷൻ കോർപ്പറേഷനിൽ നിന്ന് 26 കോടി രൂപയും സംസ്ഥാന സർക്കാരിൽ നിന്ന് 33 കോടി രൂപയും ജില്ലാ കളക്ടറുടെ അക്കൗണ്ടിൽ ലഭ്യമാക്കി എന്നതാണ് ആകെയെടുത്ത നടപടി. പണം ലഭ്യമായിട്ടും സഹായധന വിതരണം പൂർണ്ണമായും നടപ്പിലാക്കിയിട്ടില്ല. ഒന്നാം ഗഡു ലഭിച്ചവർക്കല്ലാതെ ആർക്കും തന്നെ പണം നൽകിയിട്ടില്ല. എൻഡോസൾഫാൻ ദുരിതബാധിതർക്ക് പഞ്ചായത്ത് അതിർത്തി ബാധകമാക്കാതെ സഹായധനം നൽകാമെന്ന ഉറപ്പ് പാലിക്കപ്പെട്ടിട്ടില്ല. ഇതിന്റെ പരിണിത ഫലമാണ് കാസർഗോഡ് ജില്ലയിലെ ചെറുവത്തൂർ പഞ്ചായത്തിൽ താമസിക്കുന്ന തമ്പാനും ഭാര്യ പത്മിനിയും മകൻ കാർത്തിക്കും 01-06-2014-ൽ ആത്മഹത്യ ചെയ്യേണ്ടി വന്നത്. പഞ്ചായത്ത് അതിർത്തി ബാധകമാക്കാതെ എല്ലാ ദുരിതബാധിതർക്കും ആശ്വാസം നൽകാമെന്ന് ആറുമാസം മുമ്പെടുത്ത ഉറപ്പ് പാലിച്ചിരുന്നുവെങ്കിൽ ഈ കൂട്ട ആത്മഹത്യ ഒഴിവാക്കാമായിരുന്നു. ഈ കുടുംബത്തിലെ ഒരു കുട്ടി എൻഡോസൾഫാൻ ബാധിച്ച് നേരത്തെ മരിച്ചിരുന്നു. എന്നിട്ടും ഇരയുടെ അമ്മയുടെ പഞ്ചായത്ത് ഏതെന്ന തർക്കത്തിൽപ്പെട്ടാണ് ഇവർക്ക് ആശ്വാസം

ലഭിക്കാതെ പോയത്. ഇതിന്റെ പൂർണ്ണ ഉത്തരവാദിത്തം സർക്കാരിനാണ്. എൻഡോസൾഫാൻ ദുരിതബാധിതരുടെ കടം സംബന്ധിച്ച മൊറട്ടോറിയത്തിന്റെ കാലാവധി അവസാനിച്ചു. കാലാവധി നീട്ടിക്കൊടുക്കുന്നതിനെ സംബന്ധിച്ച ഒരു തീരുമാനവും സർക്കാരെടുത്തിട്ടില്ല. എൻഡോൾഫാൻ വിഷയത്തിൽ സർക്കാരെടുത്ത നടപടികൾ തൃപ്തികരമല്ലായെന്നല്ലെ ഹൈക്കോടതി പറഞ്ഞത്? എൻഡോൾഫാൻ ദുരിതബാധിതരുടെ മരണ നിരക്ക് കൂടുമ്പോഴും സർക്കാർ നിസ്സംഗമായി നോക്കിനിൽക്കുകയാണ്. ആറുമാസത്തിൽ ഇത്തരക്കാരായ 200 ഓളം പേർ മരിച്ചിട്ടുണ്ടെന്നാണ് കണക്ക്. ഇവർക്കാർക്കും തന്നെ യാതൊരു സഹായവും സർക്കാർ നൽകിയിട്ടില്ല. 28-01-2014-ൽ ഞാനും കൂടി പങ്കെടുത്ത യോഗത്തിൽ മുഖ്യമന്ത്രിയും മന്ത്രിമാരും കൂടിയെടുത്ത തീരുമാനങ്ങൾ ഇനിയെങ്കിലും അടിയന്തരമായി നടപ്പിലാക്കാനുള്ള നടപടി സർക്കാർ സ്വീകരിക്കണമെന്നാണ് ഞാൻ ആവശ്യപ്പെടുന്നത്. 59 കോടി രൂപ കയ്യിലുണ്ടായിരുന്നിട്ടും ആ കുടുംബങ്ങളെല്ലാം ആത്മഹത്യ ചെയ്യാൻ ഇടയാകത്തക്ക സാഹചര്യം സർക്കാരും ജില്ലാ കളക്ടറും ഉണ്ടാക്കി. അതിന് ഉത്തരം പറഞ്ഞേ മതിയാകൂ. അത് പറയുമെന്ന് ഞാൻ ആശിക്കുന്നു.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): സർ, എൻഡോസൾഫാൻ ബാധിതരായിട്ടുള്ളവരെ ഏതെല്ലാം വിധത്തിൽ സഹായിച്ചാലും മതിയാകില്ല എന്ന കാര്യം ഞാൻ തുറന്നു സമ്മതിക്കാൻ തയ്യാറാണ്. അതുകൊണ്ടുതന്നെ എടുക്കുന്ന തീരുമാനങ്ങൾ സമയബന്ധിതമായി തന്നെ നടപ്പിലാക്കും. 28-01-2014-ലെ മീറ്റിംഗിൽ ഞാനും കൂടി ആവശ്യപ്പെട്ട പ്രകാരം കൃഷി

വകുപ്പുമന്ത്രി വിളിച്ചു കൂട്ടിയതാണ്. ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവും ആ യോഗത്തിൽ പങ്കെടുത്തിരുന്നു. അതിലെടുത്ത തീരുമാനങ്ങൾ നടപ്പിലാക്കാൻ ഞങ്ങൾക്ക് ബാധ്യതയുണ്ട്. അത് നടപ്പിലാക്കിയിട്ടുമുണ്ട്. ഇടയ്ക്ക് തെരഞ്ഞെടുപ്പും കോഡ് ഓഫ് കോൺഡക്ടും വന്നത് ഒരു തടസ്സമായി എന്നതുകൊണ്ട് ചില തീരുമാനങ്ങൾ നമുക്ക് മുഴുവനാക്കാൻ സാധിച്ചിട്ടില്ല. പ്രധാനപ്പെട്ട തീരുമാനങ്ങൾ ഏതാണ്ട് എല്ലാംതന്നെ നടപ്പിലാക്കിയിട്ടുണ്ട്. ഈ വിക്റ്റിംസിന് കൊടുക്കാൻ വേണ്ടിയുള്ള തുകയായ 33,42,50,000 രൂപ മാർച്ച് 28-നുതന്നെ നേരത്തെ എടുത്ത തീരുമാനമാണെന്ന പേരിൽ ജില്ലാ കളക്ടർക്ക് കൈമാറിയിട്ടുണ്ട്. രണ്ടാം ഗഡു വിതരണം ചെയ്തുതുടങ്ങുകയും ഇന്നലെക്കൊണ്ടുതന്നെ പൂർത്തിയായി എന്നും ഇപ്പോൾ ആ പ്രവർത്തനങ്ങൾക്ക് നേതൃത്വം കൊടുക്കുന്ന, ആ ജില്ലയുടെ ചാർജ്ജുള്ള മന്ത്രിയായ ശ്രീ. കെ. പി. മോഹനൻ പറഞ്ഞു. ജില്ലാകളക്ടർക്ക് നേരത്തെതന്നെ തുക കൈമാറിക്കഴിഞ്ഞിരുന്നെങ്കിലും തെരഞ്ഞെടുപ്പ് പ്രഖ്യാപനം വന്നതിനാൽ ആ തുക വിതരണം ചെയ്യാൻ സാധിച്ചില്ല. തുക വിതരണം ചെയ്യാൻ തുടങ്ങുകയും ചെയ്തിരുന്നു.

ശ്രീ. വി.എസ്. അച്ചുതാനന്ദൻ: സർ, ആ പണം നൽകിയിരുന്നെങ്കിൽ ആ ആത്മഹത്യ ഉണ്ടാകുമായിരുന്നോ?

ശ്രീ. ഉമ്മൻ ചാണ്ടി: സർ, എൻഡോസൾഫാൻ വിക്ടിമിന്റെ ലിസ്റ്റിൽ അവർ ഉൾപ്പെടാത്തതിനാൽ പണം കൊടുക്കാൻ കഴിയില്ല. ഒന്നാം ഗഡുവും കൊടുത്തിട്ടില്ല.

<u>മി. ചെയർമാൻ</u>: എൻഡോസൾഫാൻ വിക്ടിമായിട്ടുള്ള ധാരാളം ആളുകൾ ഈ ലിസ്റ്റിൽ ഉൾപ്പെടാത്ത പ്രശ്നം കാസർഗോഡ് നിലനിൽക്കുകയാണ്.

<u>ശ്രീ. ഉമ്മൻ ചാണ്ടി</u>: അത് സംബന്ധിച്ച് ഞാൻ പറയാം. ആത്മഹത്യ ചെയ്ത ആൾ എൻഡോസൾഫാൻ വിക്ടിമിന്റെ ലിസ്റ്റിൽ ഉൾപ്പെട്ട ആളല്ല. അദ്ദേഹം ഒരു കത്ത് എഴുതിവച്ചിട്ടാണ് ആത്മഹത്യ ചെയ്തത്. അതിൽ ഇത് സംബന്ധിച്ച ഒരു കാര്യവും പറഞ്ഞിട്ടില്ല. ഈ മരണത്തിന് ആരും ഉത്തരവാദിയല്ലെന്നുപറഞ്ഞ് അദ്ദേഹത്തിന്റെ സ്വകാര്യ ദു:ഖങ്ങളും മറ്റ് കാര്യങ്ങളുമാണ് കത്തിൽ എഴുതിയിരുന്നതെന്ന് ഞാൻ മനസിലാക്കുന്നു. ബഹുമാനപ്പെട്ട ചെയർ പറഞ്ഞ വിക്ടിം ലിസ്റ്റിൽ വന്നിട്ടില്ലാത്തവരുടെ കാര്യം, 11 പഞ്ചായത്തുകളിലെ ആളുകളാണ് ക്യാമ്പിൽ വന്നിരുന്നത്. അത് പോരെന്ന് പറഞ്ഞതനുസരിച്ച് വീണ്ടും ക്യാമ്പ് സംഘടിപ്പിക്കുകയും ആ ക്യാമ്പിലെ പരിശോധനയുടെ അടിസ്ഥാനത്തിലുള്ള റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ തുടർന്നുള്ള നടപടികൾ ഉടൻതന്നെ സ്വീകരിക്കുന്നതാണ്. 18–06–2014-ൽ ഞാൻ തന്നെ ബന്ധപ്പെട്ട മന്ത്രിമാരുടെയും ഉദ്യോഗസ്ഥൻമാരുടെയും യോഗം വിളിച്ചിട്ടുണ്ട്. ഈ ക്യാമ്പിന്റെ അടിസ്ഥാനത്തിൽ കൂടുതൽപേരെ ഈ ലിസ്റ്റിൽ ഉൾപ്പെടുത്തുന്നത് സംബന്ധിച്ചുള്ള നടപടി സ്വീകരിക്കുന്നതാണ്. 18–ാം തീയതി തന്നെ അത് സംബന്ധിച്ച് തീരുമാനമെടുക്കും. അവരുടെ പ്രധാനപ്പെട്ട മറ്റൊരാവശ്യം കടങ്ങൾ എഴുതിത്തള്ളണമെന്നതാണ്. മൊറട്ടോറിയത്തിന്റെ പീരീഡ് വീണ്ടും നീട്ടിയതിനാൽ ജപ്തിയുണ്ടാവില്ല. അവരുടെ കടം എഴുതിത്തള്ളുന്ന കാര്യം ഗവൺമെന്റ് ഗൗരവമായി ആലോചിച്ചുകൊണ്ടിരിക്കുകയാണ്. അത് സംബന്ധിച്ച് അവർക്കനുകൂലമായ തീരുമാനമെടുക്കാനാണ് ഗവൺമെന്റ് തയ്യാറായിരിക്കുന്നത് എന്ന് പറയാൻകൂടി ഞാൻ ഈ

അവസരം വിനിയോഗിക്കുന്നു. ആത്മഹത്യയെ സംബന്ധിച്ച് കളക്ടറുടെ റിപ്പോർട്ട് ലഭിച്ചിട്ടുണ്ട്. മരിക്കുന്നതിനുമുമ്പ് തമ്പാൻ ആത്മഹത്യാക്കുറിപ്പ് തയ്യാറാക്കിയിരുന്നു. പ്രസ്തുത കുറിപ്പിൽ ആത്മഹത്യ ചെയ്യുന്നത് മകന്റെ തീരാവേദന കാണാൻ കഴിയാത്തതുകൊണ്ടാണെന്നും ആത്മഹത്യക്ക് മറ്റൊരാളും ഉത്തരവാദികളല്ലെന്നും എഴുതിയിട്ടുണ്ട്. ഈ റിപ്പോർട്ട് വേണമെങ്കിൽ അങ്ങേയ്ക്ക് നൽകാം. എൻഡോസൾഫാൻ വിക്ടിമിന്റെ ലിസ്റ്റിൽ ഇതുവരെ അവർ ഉൾപ്പെട്ടിട്ടില്ല. അങ്ങ് മുഖ്യമന്ത്രി ആയിരിക്കുമ്പോഴും ഈ കുടുംബം ഇതേ രീതിയിലുള്ള ദുരിതങ്ങൾ അനുഭവിച്ചുകൊണ്ടിരുന്നതാണ് എന്ന കാര്യവും അങ്ങ് മറക്കരുത്. എൻഡോൾഫാൻ ദുരിതബാധിതർക്കുവേണ്ടി ചെയ്യാൻ കഴിയുന്ന എല്ലാ കാര്യങ്ങളും ചെയ്യുമെന്ന് വ്യക്തമാക്കുന്നു.

## ആർ.എസ്.പി. ഓഫീസിനുനേരെ ഉണ്ടായ ആക്രമണം

ശ്രീ. കോവൂർ കുഞ്ഞുമോൻ: സർ, 12–06–2014 വ്യാഴാഴ്ച രാത്രി ആർ.എസ്.പി. യുടെ ആലപ്പുഴ ജില്ലാ കമ്മിറ്റി ഓഫീസ് തകർക്കപ്പെടുകയുണ്ടായി. പാർട്ടി ഓഫീസിലെ ജനലുകളും വാതിലുകളുമെല്ലാം തകർക്കപ്പെട്ടു. ആർ.എസ്.പി. നേതാവ് എൻ. ശ്രീകണ്ഠൻനായർ റഷ്യയിൽ ഒരു സമ്മേളനത്തിന് പോയപ്പോൾ റഷ്യൻ നേതാവായ ബ്രെഷ്നേവ് പാരിതോഷികമായി അദ്ദേഹത്തിന് 113 കിലോ ഗ്രാം ഭാരമുള്ള ലെനിന്റെ പ്രതിമ കൊടുത്തിരുന്നു. ആ പ്രതിമപോലും തകർക്കപ്പെടുകയുണ്ടായി. കാറൽ മാർക്സും ലെനിനും ഏംഗൽസും ലോകത്ത് നടത്തിയിട്ടുള്ള പ്രവർത്തനത്തെ സംബന്ധിച്ച് അറി

യാത്തവരാണോ ഇത്തരം കൃത്യവിലോപം ചെയ്തിട്ടുള്ളത്. ഇത് വളരെ മോശപ്പെട്ട രീതിയിലുള്ള പ്രവണതയ്ക്ക് തുടക്കം കുറിക്കുകയാണ്. ബഹുമാനപ്പെട്ട ആഭ്യന്തര വകുപ്പുമന്ത്രിയും തൊഴിൽ വകുപ്പുമന്ത്രിയും എം.പി. മാരും എം.എൽ.എ. മാരും മറ്റ് ജനനേതാക്കൻമാരും രാഷ്ട്രീയ പാർട്ടിയുടെ പ്രബലരായ നേതാക്കൻമാരും പത്രക്കാരുമുൾപ്പെടെ പാർട്ടി ഓഫീസ് സന്ദർശിക്കുകയുണ്ടായി. ഇതുവരെ പ്രതികളെ കണ്ടെത്താൻ കഴിഞ്ഞിട്ടില്ല. വളരെ അടിയന്തരമായി പ്രതികളെ കണ്ടെത്തി അറസ്റ്റ് ചെയ്യണം. ഇത്തരം സംഭവങ്ങൾ ആവർത്തിക്കപ്പെടുകയാണ്. കൊല്ലത്തെ എം.പി. ശ്രീ. എൻ.കെ. പ്രേമചന്ദ്രന്റെ വീട് ആക്രമിച്ചപ്പോൾ അവിടെയും എല്ലാവരും സന്ദർശിച്ചിരുന്നു. എന്നാൽ ഇതുവരെ പ്രതികളെ കണ്ടെത്താൻ കഴിഞ്ഞിട്ടില്ല. ആരുടെ പാർട്ടി ഓഫീസായാലും, കേരളത്തിന്റെ സാമൂഹ്യ നന്മക്കുവേണ്ടി പ്രവർത്തിക്കുന്ന സാസ്കാരിക കേന്ദ്രങ്ങളാണ് ഇത്തരം സ്ഥാപനങ്ങൾ. അത്തരം കേന്ദ്രങ്ങൾ ആക്രമിച്ചാൽ അവരെ കസ്റ്റഡിയിലെടുത്ത് ശിക്ഷ നൽകുന്നതിനാവശ്യമായ നടപടി സ്വീകരിക്കണമെന്നാണ് എനിക്ക് ഈ അവസരത്തിൽ സൂചിപ്പിക്കാനുള്ളത്. അത്തരം സംഭവങ്ങൾ ഇനി കേരള രാഷ്ട്രീയത്തിൽ ആവർത്തിക്കപ്പെടാതിരിക്കാൻ കർശനമായ ശിക്ഷ നൽകണമെന്ന് ഈ സബ്മിഷനിലൂടെ ഞാൻ ആവശ്യപ്പെടുകയാണ്.

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. രമേശ് ചെന്നിത്തല): സർ, ആലപ്പുഴ കല്ലുപാലത്തിനുസമീപം സ്ഥിതിചെയ്യുന്ന ആർ.എസ്.പി ആലപ്പുഴ ജില്ലാ കമ്മിറ്റി ഓഫീസിനുള്ളിൽ 12-06-2014 രാത്രിയിൽ സാമൂഹ്യ വിരുദ്ധർ ആക്രമിച്ച് കയറി ഓഫീസിന്റെ വാതിലും ജനൽചില്ലകളും കസേര

കളും അടിച്ചുതകർക്കുകയും നാശനഷ്ടങ്ങൾ വരുത്തുകയും ചെയ്തു. ശ്രീ. കോവൂർ കുഞ്ഞുമോൻ ചൂണ്ടിക്കാണിച്ചതുപോലെ യശ:ശരീരനായ എൻ. ശ്രീകണ്ഠൻ നായരുടെ റഷ്യൻ സന്ദർശന വേളയിൽ ശ്രീ. ബ്രെഷ്നേവ് അദ്ദേഹത്തിന് നൽകിയ വളരെ ഭാരമുള്ള ലെനിന്റെ പ്രതിമ തകർത്തതായി കാണപ്പെട്ടു. സംഭവത്തിൽ 40000 രൂപയുടെ നാശനഷ്ടമുണ്ടായതായി കണക്കാക്കപ്പെടുന്നു. അക്രമികളെ അറസ്റ്റ് ചെയ്യണമെന്നാവശ്യപ്പെട്ട് ആർ.എസ്.പി. ജില്ലാക്കമ്മിറ്റി ഓഫീസ് സെക്രട്ടറി ശ്രീ. അബ്ദുൾ സലാം നൽകിയ പരാതി പ്രകാരം ഐ.പി.സി 452, 427 എന്നീ വകുപ്പുകൾ പ്രകാരം ക്രൈം 805/14 നമ്പറായി ആലപ്പുഴ സൗത്ത് പോലീസ് സ്റ്റേഷനിൽ കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഞാനും തൊഴിൽ വകുപ്പുമന്ത്രിയും സംഭവ സ്ഥലം സന്ദർശിച്ചിരുന്നു. കേസ് അന്വേഷണത്തിന്റെ ഭാഗമായി സയന്റിഫിക്ക് അസിസ്റ്റന്റ്, ഫിംഗർ പ്രിന്റ് ബ്യൂറോ, ഫോട്ടോഗ്രാഫർ എന്നീ വിഭാഗങ്ങൾ സ്ഥലം സന്ദർശിച്ച് തെളിവെടുപ്പ് നടത്തുകയും ഡോഗ് സ്ക്വാഡിന്റെ സേവനം ഇതിനായി പ്രയോജനപ്പെടുത്തുകയും ചെയ്തു. അന്വേഷണം ഊർജ്ജിതപ്പെടുത്തുന്നതിനായി ആലപ്പുഴ ജില്ലാ പോലീസ് മേധാവി ഉത്തരവ് പുറപ്പെടുവിക്കുകയും ആലപ്പുഴ ഡിവൈ.എസ്.പി യുടെ നേതൃത്വത്തിൽ ആലപ്പുഴ സൗത്ത് പോലീസ് സ്റ്റേഷനുൾപ്പെടെ അഞ്ചംഗ സ്പെഷ്യൽ ഇൻവെസ്റ്റിഗേഷൻ ടീമിനെ നിയോഗിച്ചിട്ടുമുണ്ട്. സ്ഥലത്ത് പോലീസ് പിക്കറ്റിംഗ് ഏർപ്പെടുത്തിയിട്ടുണ്ട്. രാഷ്ട്രീയ പാർട്ടികളുടെ ഓഫീസുകൾ അക്രമിക്കുന്നത് ഒരു കാരണവശാലും നീതീകരിക്കാൻ കഴിയുന്ന കാര്യമല്ല. എല്ലാ രാഷ്ട്രീയപ്പാർട്ടികൾക്കും ഓഫീസുള്ള സംസ്ഥാനമാണ് കേരളം. അതുകൊണ്ട് ഗവൺമെന്റ് ഇക്കാര്യം

വളരെ ഗൗരവത്തോടെയാണ് കാണുന്നത്. പ്രതികളെ പിടികൂടുന്നതിനായി ഊർജ്ജിതമായ ശ്രമം നടന്നുവരികയാണ്.

## ആദിവാസി ബാലികയുടെ കൊലപാതകം

ശ്രീമതി കെ.എസ്. സലീഖ: സർ, പാലക്കാട് ജില്ലയിൽ പെരുമാട്ടി പഞ്ചായത്തിലെ മീനാക്ഷിപുരത്ത് മുത്തുസ്വാമി പുതൂർ സെൽവരാജിന്റെ 11 വയസുള്ള ആദിവാസി ബാലിക മണിമേഖല എന്ന കുട്ടിയെ മെയ്മാസം 18–ാം തീയതി 7 മണിക്ക് അവർ തൊഴിൽ ചെയ്യുന്ന തോട്ടത്തിന്റെ ഉടമ എസ്.പി.കെ. ഗാർഡനിൽ ശെന്തിൽവേൽ കൗണ്ടർ അതിക്രൂരമായി ബലാത്സംഗം ചെയ്ത് കൊലപ്പെടുത്തിയിരുന്നു. പത്ത് വർഷമായി അച്ഛനും അമ്മയും രണ്ട് മക്കളുമടങ്ങുന്ന ഈ കുടുംബം കൗണ്ടറുടെ തോട്ടത്തിൽ കുടിൽ കെട്ടി താമസിച്ച് കൂലിവേല ചെയ്തുവരികയാണ്. അച്ഛനും അമ്മയും മകനും തോട്ടത്തിൽ പണിയെടുക്കുകയും 11 വയസായ മകൾ കൗണ്ടറുടെ അമ്മയെ പരിചരിക്കുന്നതിനായി വീട്ടുവേല എന്ന നിലയിൽ തൊഴിൽചെയ്തുവരികയുമായിരുന്നു. അതിക്രൂരമായ കൊലപാതകം നടന്നതിനുശേഷം വിഷം ഉള്ളിൽചെന്ന് മരണം സംഭവിച്ചുവെന്നാണ് പ്രതി ഈ കുടുംബത്തെ ബോധിപ്പിച്ചത്. പോസ്റ്റ്മോർട്ടത്തിലാണ് കുട്ടി ക്രൂരമായ ബലാത്സംഗത്തിന് ഇരയായ വിവരം പുറത്തുവന്നത്. പോലീസ് കേസെടുത്ത് പ്രതിയെ 29–ന് അറസ്റ്റ് ചെയ്തു, ഇപ്പോൾ റിമാൻഡിലാണ്. അതിനുശേഷം കേസ് ഇല്ലാതാക്കുന്നതിനായി ശക്തമായ ഇടപെടലുകൾ നടക്കുകയാണ്. കുട്ടിയുടെ

അമ്മായി 23 വയസുള്ള കന്നിമാരി എന്ന സ്ത്രീയെ ഒരാഴ്ച പ്രതിയുടെ കുടുംബാംഗങ്ങൾ വീട്ടുതടങ്കലിൽ വച്ചു. ആ സന്ദർഭത്തിലാണ് ശ്രീ. എ.കെ. ബാലൻ എം.എൽ.എ. ആ വീട് സന്ദർശിക്കുകയും എസ്.പി. യുടെ ശ്രദ്ധ യിൽപ്പെടുത്തി തടങ്കലിൽ വച്ച സ്ത്രീയെ വിട്ടുകൊടുക്കണമെന്ന് ശക്തമായി ഇടപെടുകയും ചെയ്തത്. അതിന്റെ അടിസ്ഥാനത്തിൽ എസ്.പി. ഇടപെട്ട് അവരെ വിട്ടുകൊടുക്കാൻ തീരുമാനമെടുത്തപ്പോൾ ആ കുടുംബാംഗങ്ങൾ പറഞ്ഞത്, മരണപ്പെട്ട കുട്ടിയുടെ അമ്മയും അച്ഛനും വന്നാൽ മാത്രമേ ഈ സ്ത്രീയെ വിട്ടുകൊടുക്കുകയുള്ളുവെന്ന നിലപാട് സ്വീകരിക്കുകയുണ്ടായി. ഇത്തരം നിലപാട് സ്വീകരിച്ച കൊലപാതകിയുടെ ശിൽപ്പന്തികൾക്കെതി രെയും ഇതേ രീതിയിൽ തക്കതായ കേസ് എടുക്കേണ്ടതായിട്ടുണ്ട്. കേസ് ഒത്തുതീർപ്പാക്കുന്നതിനുവേണ്ടി 2.5 ലക്ഷം രൂപ വാഗ്ദാനം ചെയ്ത് കേസ്സിൽ നിന്നും പിന്മാറണമെന്ന് ആവശ്യപ്പെട്ടുകൊണ്ടിരിക്കുന്ന സാഹച ര്യമാണ് ഇപ്പോഴുള്ളത്. അതുകൊണ്ട് റിമാൻഡിൽ കഴിയുന്ന പ്രതിയെ പുറത്തുവിട്ടാൽ കേസ് തേയ്ച്ചുമാച്ചു കളയുന്ന നിലപാട് സ്വീകരിക്കുമെ ന്നതിനാൽ ജാമ്യം അനുവദിക്കരുതെന്നും കുറ്റവാളിയെ രക്ഷിക്കുന്നതിനു വേണ്ടി പരിശ്രമങ്ങൾ നടത്തിയ ആളുകൾക്കെതിരെ കേസ് എടുക്കണ മെന്നും സ്വന്തമായി വീടോ, റേഷൻ കാർഡോ, ഐഡന്റിറ്റി കാർഡോ ഇല്ലാത്ത നിരാലംബരായ ആദിവാസി കുടുംബത്തെ സംരക്ഷിക്കാൻ ആവശ്യ മായ പരിരക്ഷ നൽകണമെന്നും ആ കുടുംബത്തിലെ 18 വയസ്സായ മകന് സർക്കാർ ജോലി കൊടുത്ത് ആ കുടുംബത്തെ സംരക്ഷിക്കാൻ ആവശ്യമായ നിലപാട് സ്വീകരിക്കണമെന്നും സാമ്പത്തിക സഹായം നൽകുന്നതിന്

ഗവൺമെന്റ് നിലപാട് സ്വീകരിക്കണമെന്നും ബഹുമാനപ്പെട്ട ആഭ്യന്തര വകുപ്പുമന്ത്രിയോട് ഞാൻ അഭ്യർത്ഥിക്കുന്നു.

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. രമേശ് ചെന്നിത്തല) : സർ, ശ്രീമതി കെ.എസ്. സലീഖ, എം.എൽ.എ. ഇവിടെ അവതരിപ്പിച്ച സംഭവം വളരെ ദാരുണമായ ഒന്നാണ്. മനുഷ്യമന:സാക്ഷിയെ ഞെട്ടിപ്പിക്കുന്ന തരത്തിലുള്ള ഒരു കൊലപാതകമാണ് അവിടെ ഉണ്ടായത്. പാലക്കാട് ചിറ്റൂർ പോലീസ് സ്റ്റേഷൻ പരിധിയിലെ മീനാക്ഷിപുരത്ത് ശെന്തിൽവേൽ എന്ന ഭൂവുടമയുടെ 14 ഏക്കറോളം വരുന്ന തോട്ടത്തിൽ താമസിച്ച് പണികൾ ചെയ്തുവന്ന ആദിവാസി സമുദായത്തിൽപ്പെട്ട ശെൽവരാജിന്റെ മകൾ 11 വയസ്സുള്ള മണിമേഖല മരണപ്പെട്ടതിൽ മണിമേഖലയുടെ മാതാവിന്റെ സഹോദരൻ ഗോപകുമാറിന്റെ മൊഴി പ്രകാരം സിആർ.പി.സി. 174–ാം വകുപ്പ് പ്രകാരം ചിറ്റൂർ പോലീസ് സ്റ്റേഷനിൽ ക്രൈം നം.461/14 ആയി 19–5–2014–ന് രാവിലെ 9 മണിയോടെ കേസ് രജിസ്റ്റർ ചെയ്തു. മൃതദേഹം തൃശ്ശൂർ മെഡിക്കൽ കോളേജിൽ പോസ്റ്റുമോർട്ടം നടത്തിയതിനാൽ death was due to smothering there was evidence of forceful virginal penetration prior to death എന്ന് വെളിവായതിനാൽ കേസ്സിലെ 174 സിആർ.പി.സി. ഭേദഗതി ചെയ്ത് ഐ.പി.സി. 376, 302, Protection of Children from Sexual Offence Act -ലെ വകുപ്പ് 4 എന്നിവ ചേർത്ത് അന്വേഷിക്കുന്ന വിവരത്തിന് ബഹുമാനപ്പെട്ട കോടതി മുമ്പാകെ റിപ്പോർട്ട് നൽകുകയും അന്വേഷണം ചിറ്റൂർ പോലീസ് ഇൻസ്പെക്ടർ ഏറ്റെടുക്കുകയും ചെയ്തു. അന്വേഷണത്തിൽ

ഭൂവുടമയായ ശെന്തിൽവേൽ, 47 വയസ്സാണ് കൊലപാതകം നടത്തിയതെന്ന് വ്യക്തമായതിന്റെ അടിസ്ഥാനത്തിൽ 29-5-2014-ന് ശെന്തിൽവേലിനെ അറസ്റ്റ് ചെയ്ത് കോടതിയിൽ ഹാജരാക്കി, 13-6-14 വരെ റിമാൻഡ് ചെയ്തു. അറസ്റ്റിലായ പ്രതി ഗൗണ്ടർ സമുദായത്തിൽപ്പെട്ട ആളായതിനാലും കൊല്ല പ്പെട്ട മണിമേഖല ആദിവാസി മലയ വിഭാഗത്തിൽപ്പെട്ട ആളായതിനാലും SC/ST Prevention of Atrocities Act ലെ 3, 2, 5 എന്നീ വകുപ്പുകൾ കൂടുത ലായി ചേർത്ത് അന്വേഷണം പാലക്കാട് ഡിവൈ.എസ്.പി. നടത്തിവരികയാ ണ്. മണിമേഖല താമസിക്കുന്ന ഷെഡ്ഡിൽ മരിച്ചുകിടന്നതായും അമ്മ വഴക്ക് പറഞ്ഞതിലുള്ള മനോവിഷമത്താൽ വിഷം കഴിച്ച് മരിച്ചതായുമാണ് ഗോപകു മാർ മൊഴി നൽകിയത്. എന്നാൽ റിമാൻഡിലായ പ്രതിയെ 6-6-2014 മുത ലുള്ള രണ്ട് ദിവസം പോലീസ് കസ്റ്റഡിയിൽ വാങ്ങി വിശദമായി ചോദ്യം ചെയ്തപ്പോൾ ഇയാൾ നൽകിയ കുറ്റസമ്മത മൊഴിയിൽ മണിമേഖലയെ ശെന്തിൽവേലിന്റെ വീടിനോട് ചേർന്നുള്ള വിറകുപുരയിൽ വച്ച് ബലാൽസംഗം ചെയ്തശേഷം ശ്വാസംമുട്ടിച്ച് കൊലപ്പെടുത്തിയതാണെന്ന് സമ്മതിച്ചിട്ടുള്ളതാണ്. 13-6-2014-ന് അവസാനിച്ച പ്രതിയുടെ റിമാൻഡ് കാലാവധി വീണ്ടും 26-6-2014 വരെ ദീർഘിപ്പിച്ചിട്ടുള്ളതാണ്. ശ്രീമതി കെ. എസ്. സലീഖ ഇവിടെ ചൂണ്ടിക്കാണിച്ചതുപോലെ ഗവൺമെന്റ് ഇത് വളരെ ഗൗരവത്തോടെയാണ് കാണുന്നത്. ഒരു കാരണവശാലും പ്രതിക്ക് ഒരുവിധ ത്തിലുള്ള ആനുകൂല്യവും ലഭിക്കുന്നതല്ല. അതോടൊപ്പം അവരുടെ വീട്ടിലു ള്ളവരെ ഭീഷണിപ്പെടുത്തുന്നുവെന്നുള്ള കാര്യം പ്രത്യേകമായി അന്വേഷി ക്കാൻ പാലക്കാട് എസ്.പി. യോട് ആവശ്യപ്പെടുന്നതാണ്.

ശ്രീ. എ.കെ. ബാലൻ : സർ, ഞാൻ ആ വീട്ടിൽ പോയിരുന്നു. പോലീസ് നല്ല രീതിയിൽ ഇടപെട്ടിട്ടുണ്ട്, ഇല്ലെന്ന് ഞാൻ പറയുന്നില്ല. എന്നാൽ ഭീഷണിപ്പെടുത്തിയ ആളുകളെ ഇന്നുവരെ അറസ്റ്റ് ചെയ്തിട്ടി ല്ലെന്ന് ബഹുമാനപ്പെട്ട മന്ത്രി അഡീഷണലായി പറയുകയുണ്ടായി. അക്കാര്യം നിർബന്ധമായും പരിശോധിക്കണം. കൂടാതെ, SC/ST Prevention of Atrocities Act പ്രകാരം 5 ലക്ഷം രൂപയും കുടുംബത്തിലെ ഒരാൾക്ക് ജോലിയും കൊടുക്കാൻ കഴിയും. ഈ സെക്ഷൻ വച്ച് ഇൻവോക്ക് ചെയ്തുവെന്നുള്ളത് നല്ലകാര്യമാണ്. ഇതിന്റെ അടിസ്ഥാനത്തിൽ സാമ്പത്തി കാനുകൂല്യം കൊടുക്കുന്ന കാര്യംകൂടി ആലോചിക്കണം.

ശ്രീ. രമേശ് ചെന്നിത്തല : സർ, ഈ സംഭവം അറിഞ്ഞപ്പോൾ തന്നെ വളരെ ഗൗരവമായി കാണുകയും എസ്.സി./എസ്.ടി. ആക്ടിലെ 3, 5 വകു പ്പുകളനുസരിച്ച് കേസ്സെടുക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ SC/ST Prevention of Atrocities Act അനുസരിച്ച് അവർക്ക് കിട്ടേണ്ട ആനുകൂല്യ ങ്ങൾ ലഭ്യമാക്കാനുള്ള നടപടികൾ സ്വീകരിക്കും. ആ കുടുംബത്തെ ഭീഷണി പ്പെടുത്തുന്നുവെന്നുള്ള വിവരം ഇപ്പോഴാണ് ശ്രദ്ധയിൽപ്പെട്ടത്. തീർച്ചയായും അക്കാര്യം പാലക്കാട് എസ്.പി. യോട് അന്വേഷിക്കാൻ ഇപ്പോൾത്തന്നെ ആവശ്യപ്പെടുന്നതാണ്. വളരെ ഗൗരവത്തോടുകൂടി ഈ കേസ്സിന്റെ അന്വേഷണം മുന്നോട്ട് കൊണ്ടുപോകുമെന്ന് സഭയെ അറിയിക്കാൻ ആഗ്രഹിക്കുന്നു.

പ്രതിപക്ഷ നേതാവ് (ശ്രീ. വി.എസ്. അച്ചുതാനന്ദൻ) : സർ, ഇങ്ങനെ വ്യക്തമായ നിയമമുള്ള സാഹചര്യത്തിൽ ആ കുടുംബത്തിന് 5 ലക്ഷം രൂപ

സഹായം പ്രഖ്യാപിച്ചുകൂടെ; ന്യായമായ കാര്യമായതുകൊണ്ട് നഷ്ടപരിഹാരവും കുടുംബത്തിലെ ഒരാൾക്ക് ജോലിയും കൊടുക്കുന്ന കാര്യം ഗവൺമെന്റ് ഗൗരവമായി കാണുകയും ബഹുമാനപ്പെട്ട മന്ത്രി അത് പ്രഖ്യാപിക്കുകയും ചെയ്യണം.

ശ്രീ. രമേശ് ചെന്നിത്തല : സർ, SC/ST Prevention of Atrocities Act അനുസരിച്ച് അവർക്ക് ലഭിക്കേണ്ട മുഴുവൻ ആനുകൂല്യങ്ങളും ഗവൺമെന്റ് നൽകാനുള്ള നടപടികൾ സ്വീകരിക്കും.

## കുന്നംകുളം മണ്ഡലത്തിലെ ക്രമസമാധാന പ്രശ്നങ്ങൾ

ശ്രീ. ബാബു എം. പാലിശ്ശേരി : സർ, എന്റെ നിയോജകമണ്ഡലത്തിൽ ഉൾപ്പെടുന്ന കുന്നംകുളം പോലീസ് സ്റ്റേഷൻ പരിധിക്കുള്ളിലെ കുന്നംകുളം നഗരസഭാ പ്രദേശങ്ങളിലും പോർക്കുളം ചൊവ്വന്നൂർ, കടവല്ലൂർ തുടങ്ങിയ ഗ്രാമപ്രദേശങ്ങളിലും സമീപപ്രദേശങ്ങളിലും റോഡിലൂടെ നടന്നു പോകുന്ന സ്ത്രീകളുടെയും കുട്ടികളുടെയും മാല, ബൈക്കിൽ ഹെൽമെറ്റ് ധരിച്ച് എത്തുന്ന കവർച്ചക്കാർ പൊട്ടിച്ചുകൊണ്ടുപോകുന്ന സംഭവങ്ങൾ കുറച്ചുകാലമായി നിരന്തരം നടന്നുകൊണ്ടിരിക്കുകയാണ്. ബൈക്കിൽ കുടുംബമായി പോകുമ്പോഴും ഈ കവർച്ചക്കാരുടെ അക്രമവും കവർച്ചയും പലപ്പോഴും ഉണ്ടാകുന്നുണ്ട്. കൂടാതെ വീടുകളും സ്ഥാപനങ്ങളും കുത്തിത്തുറന്നുള്ള വൻകവർച്ചയും ഇടയ്ക്കിടെ ഈ പ്രദേശങ്ങളിൽ നടക്കുന്നുണ്ട്. ഇതൊക്കെ നിർബാധം തുടരുമ്പോഴും പോലീസിന്റെ ഭാഗത്തുനിന്നും ശക്തമായ നടപടി ഉണ്ടാകുന്നില്ല. ജനങ്ങളാകെ വലിയ ഭയപ്പാടിലാണ് കഴിയുന്നത്. ജനങ്ങളുടെ ജീവനും സ്വത്തിനും സംരക്ഷണം നൽകുന്നതിന് അതിശക്തമായ നടപടികൾ പോലീസിന്റെ ഭാഗത്തുനിന്നും ഉണ്ടാകണം.

പോലീസ് പട്രോളിംഗ് ശക്തമാക്കിക്കൊണ്ടും ജനങ്ങളിൽ ആത്മവിശ്വാസം വളർത്തുവാനുള്ള നടപടി സ്വീകരിക്കണം. മാലപൊട്ടിക്കൽ കേസ്സുകളിലും വീടുകളും സ്ഥാപനങ്ങളും കുത്തിത്തുറന്നുള്ള കവർച്ചാകേസ്സുകളിലും ഊർജ്ജിതമായ അന്വേഷണം നടത്തി, പ്രതികളെ കണ്ടെത്തി ശിക്ഷിക്കുന്ന തിന് നടപടി സ്വീകരിക്കണം. അതുപോലെ അങ്ങയുടെ വകുപ്പല്ലെങ്കിലും കഞ്ചാവും പാൻമസാല അടക്കമുള്ള പുകയില ഉൽപ്പന്നങ്ങളുടെ വിതരണ വും കുന്നംകുളത്തും പരിസരപ്രദേശങ്ങളിലും വലിയ തോതിൽ നടക്കു ന്നുണ്ട്. സ്കൂൾ കുട്ടികളും യുവാക്കളുമാണ് മുഖ്യമായും ഇതിന് ഇരയായി ത്തീരുന്നത്. പോലീസ്, എക്സൈസ് വകുപ്പുകൾ യോജിച്ചുകൊണ്ട് ശക്ത മായ നടപടി ഇക്കാര്യത്തിൽ സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്. അവിടെ 50-ലധികം മാലപൊട്ടിക്കൽ കേസ്സുകൾ കഴിഞ്ഞ 6 മാസത്തിനകം നടന്നു. ഒരു പ്രത്യേക റോഡിൽ, പ്രത്യേക പ്രദേശത്ത് മാത്രം 20-ഓളം മാല പൊട്ടിക്കലുകൾ നടന്നു. ആ ഭാഗത്ത് ക്യാമറ വച്ചു, പോലീസ് കാവൽ നിന്നു, പക്ഷെ പോലീസ് ഒന്ന് മാറിയാൽ മാലപൊട്ടിക്കൽ നടക്കുകയാണ്. ടൗണിൽ മുഴുവൻ ക്യാമറ വയ്ക്കുന്നതിന് എം.എൽ.എ. ഫണ്ടിൽ നിന്നും പണം കൊടുത്ത് ഇടപെടാൻ ശ്രമിച്ചുനോക്കി. എന്നാൽ നിരവധി വീടുകൾ കുത്തിത്തുറന്ന് കവർച്ചകളും വീടുകൾ കത്തിക്കുന്ന സംഭവങ്ങളും നടന്നെങ്കിലും ഒരു കേസ്സുപോലും തെളിയിക്കപ്പെട്ടിട്ടില്ല. അവിടെയുള്ള ആളുകൾ വല്ലാത്ത ഭയപ്പാടിലാണ്. ഇപ്പോൾ സ്ത്രീകൾ ആരും മാലയിട്ട് പുറ ത്തിറങ്ങാറില്ല. 60-ഓളം മാലപൊട്ടിക്കൽ കേസ്സുകൾ 6 മാസത്തിനകം നടന്നുവെന്ന് പറഞ്ഞാൽ എന്താണെന്ന് ഊഹിക്കാമല്ലോ. അത്രയും ഭീകര

മായ അവസ്ഥയാണ് അവിടെ നിലനിൽക്കുന്നത്. അടിയന്തരമായി എന്തെങ്കിലും പ്രത്യേക പോലീസ് സംവിധാനം ഉണ്ടാക്കാൻ കഴിയുമോ?

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. രമേശ് ചെന്നിത്തല) : സർ, തൃശ്ശൂർ ജില്ലയിലെ കുന്നംകുളം പോലീസ് സ്റ്റേഷൻ പരിധിയിലുള്ള ക്ഷേത്രങ്ങളിൽ 2014 വർഷത്തിൽ നാളിതുവരെ മോഷണം നടത്തിയതിന് 2 കേസ്സുകളും വീടുകൾ കുത്തിത്തുറന്ന് മോഷണവും മോഷണശ്രമവും നടത്തിയതിന് 2 കേസ്സുകളും മാവേലി സ്റ്റോർ കുത്തിത്തുറന്ന് മോഷണം നടത്തിയതിന് ഒരു കേസ്സുമാണ് റിപ്പോർട്ട് ചെയ്തിട്ടുള്ളത്. ബൈക്കിലെത്തി സ്ത്രീകളുടെ സ്വർണ്ണമാല പൊട്ടിച്ച സംഭവങ്ങൾ 6 കേസ്സുകളും ബസ്സിൽ യാത്ര ചെയ്യുകയായിരുന്ന സ്ത്രീയുടെ മാല പൊട്ടിക്കാൻ ശ്രമിച്ച 7 കേസ്സുകളും ഉൾപ്പെടെ 13 കേസ്സുകളാണ് ഈ കാലയളവിൽ രജിസ്റ്റർ ചെയ്തിട്ടുള്ളത്. ഇവയിൽ ക്ഷേത്രത്തിലും വീട്ടിലും മോഷണം നടത്തിയ കേസ്സിലും മാല പൊട്ടിച്ച കേസ്സിലുമായി 6 പ്രതികളെ അറസ്റ്റ് ചെയ്തിട്ടുണ്ട്. 2.5 പവൻ സ്വർണ്ണാഭരണം വീണ്ടെടുക്കാനും സാധിച്ചു. മറ്റ് കേസ്സുകളിലെ പ്രതികളെ കണ്ടെത്തുന്നതിന് ഊർജ്ജിതമായി അന്വേഷണം നടത്തുകയാണ്. കൂടാതെ കുന്നംകുളം പോലീസ് സ്റ്റേഷൻ പരിധിയിലെ സ്കൂൾ പരിസരങ്ങളിൽ പുകയില ഉൽപ്പന്നങ്ങൾ, കഞ്ചാവ്, മറ്റ് ലഹരി പദാർത്ഥങ്ങൾ എന്നിവ വിൽപ്പന നടത്തിയതിന് ഈ കാലയളവിൽ 11 കേസ്സുകൾ രജിസ്റ്റർ ചെയ്യുകയും കേസ്സിലെ എല്ലാ പ്രതികളെയും അറസ്റ്റ് ചെയ്യുകയും നിയമ നടപടികൾക്ക് വിധേയമാക്കുകയും ചെയ്തിട്ടുണ്ട്. 11 കേസ്സുകളിൽ ഭൂരിഭാഗവും സർക്കാ

രിന്റെ 'ക്ലീൻ ക്യാമ്പസ് സേഫ് ക്യാമ്പസ്' പദ്ധതിയുടെ ഭാഗമായി നടന്ന ഊർജ്ജിതമായ പരിശോധനയിൽ പിടിക്കപ്പെട്ട് രജിസ്റ്റർ ചെയ്ത കേസ്സുകളാണ്. 'ക്ലീൻ ക്യാമ്പസ് സേഫ് ക്യാമ്പസ്' പദ്ധതി മുമ്പോട്ട് നീങ്ങുകയാണ്. ബഹുമാനപ്പെട്ട മെമ്പർ ഇവിടെ ചൂണ്ടിക്കാണിച്ചത് ശരിയാണ്. കുന്നംകുളത്ത് മാത്രമല്ല, കേരളത്തിൽ വ്യാപകമായി, സ്കൂളുകളുടെയും കോളേജുകളുടെയും മുമ്പിൽ കഞ്ചാവിന്റെയും ലഹരിപദാർത്ഥങ്ങളുടെയും വിൽപ്പന നടക്കുന്നുണ്ട്. അതുകൊണ്ടാണ് ജൂൺ 1–ാം തീയതി സ്കൂൾ തുറന്ന ദിവസം മുതൽ ആഭ്യന്തര വകുപ്പ് വളരെ കർശനമായി വിദ്യാഭ്യാസ വകുപ്പും ആരോഗ്യവകുപ്പുമായി ചേർന്നുകൊണ്ട് 'ക്ലീൻ ക്യാമ്പസ് സേഫ് ക്യാമ്പസ്' പദ്ധതി ആവിഷ്കരിച്ചിട്ടുള്ളത്. അതിന്റെ ഫലമായി കഞ്ചാവും പുകയില ഉൽപ്പന്നങ്ങളും വിൽപ്പന നടത്തുന്ന 1200–ലധികം ആളുകളെ പോലീസ് ഇതിനകം കസ്റ്റഡിയിൽ എടുത്തിട്ടുണ്ട്. ശക്തമായ നടപടികളുമായി മുന്നോട്ട് പോകുന്നതാണ്. കുന്നംകുളത്ത് ഇത്തരം സംഭവങ്ങൾ ആവർത്തിക്കാതിരിക്കാൻ ഗ്രാമവഴികളിലും മറ്റും സദാസമയം പോലീസ് പട്രോളിംഗ് നടത്താനുള്ള നിർദ്ദേശം കൊടുത്തിട്ടുണ്ട്. ജനമൈത്രി പോലീസിന്റെയും ജനങ്ങളുടെ സഹകരണത്തോടെയും കൂട്ടായ്മകളും ബോധവത്ക്കരണ ക്ലാസ്സുകളും സംഘടിപ്പിച്ചുവരുന്നു. ഇവിടെ എം.എൽ.എ. പറഞ്ഞതുപോലെ എം.എൽ.എ. ഫണ്ടുപയോഗിച്ച് നിരീക്ഷണ ക്യാമറകൾ വച്ചിട്ടുണ്ട്. മാത്രമല്ല, വൈകുന്നേരങ്ങളിലും രാത്രികാലങ്ങളിലും പ്രത്യേകമായി പട്രോളിംഗ് നടത്താൻ പോലീസിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. ഈ സംഭവങ്ങളിൽ ഉൾപ്പെട്ട ആളുകളെ കർശനമായി നിയന്ത്രിക്കുവാനും അവരുടെമേൽ നിയമനടപടികൾ സ്വീകരിക്കാനും ഗവൺമെന്റ് മുമ്പോട്ട് വരുന്നതാണ്.

<u>ശ്രീ. ബാബു എം. പാലിശ്ശേരി</u> : സർ, ബഹുമാനപ്പെട്ട മന്ത്രിക്ക് ലഭ്യമായ കണക്ക് ശരിയല്ല. അങ്ങ് അതൊന്ന് പരിശോധിക്കണം.

<u>ശ്രീ. രമേശ് ചെന്നിത്തല</u> : അത് പരിശോധിക്കാം.

## <u>മത്സ്യത്തൊഴിലാളികളടക്കമുള്ള ജനവിഭാഗം നേരിടുന്ന പ്രശ്നങ്ങൾ</u>

<u>ശ്രീ. ഡൊമിനിക് പ്രസന്റേഷൻ</u>: സർ, കടലോരവാസികൾക്ക് ബുദ്ധിമുട്ടുള്ള ഒരു കാലഘട്ടമാണിത്. കടൽ കയറുകയും വീടുകൾ തകരുകയും ചെയ്യുന്നു. പക്ഷെ വീടുകൾ തകർന്നാലും തീരദേശ പരിപാലന നിയമത്തിന്റെ പേരിൽ ആ വീടുകൾ പുനർനിർമ്മിക്കുന്നതിനുള്ള അവകാശം പോലും ഇന്നില്ല. ഇതുമായി ബന്ധപ്പെട്ട് കഴിഞ്ഞ നിയമസഭാസമ്മേളന കാലത്ത് ഫെബ്രുവരി 6-ാം തീയതി ഞാൻ അവതരിപ്പിച്ച സബ്മിഷന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി വളരെ വ്യക്തമായി ചില ഇളവുകൾ ഇവിടെ പ്രഖ്യാപിക്കുകയും അതനുസരിച്ച് നടപടി സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. അക്കാര്യത്തിൽ സന്തോഷമുണ്ട്. പക്ഷെ, അതിപ്പോഴും കേന്ദ്രത്തിന്റെ അനുമതിയോടുകൂടി ഫലപ്രദമായി നമ്മുടെ പഞ്ചായത്തുകൾക്ക് നൽകാൻ സാധിച്ചിട്ടില്ല. അതുകൊണ്ടുതന്നെ വീട് റിപ്പയർ ചെയ്യുന്നതിനും മറ്റ് കാര്യങ്ങൾക്കുമുള്ള നിയന്ത്രണം ഇപ്പോഴും തുടരുന്നു. അതുകൊണ്ട് അങ്ങ് പ്രഖ്യാപിച്ച ഇളവുകൾ, കേന്ദ്രത്തിന്റെ അനുവാദംകൂടി വാങ്ങി നടപ്പിലാക്കാൻ അടിയന്തര നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): സർ, ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞത് വളരെ പ്രധാനപ്പെട്ട ഒരു കാര്യമാണ്. കാരണം, തീരദേശത്തെ ജനങ്ങൾക്കാകെ ബുദ്ധിമുട്ടുണ്ടാക്കുന്ന വിധത്തിലുള്ള നിർദ്ദേശങ്ങളാണ് CRZ-ൽ ഉള്ളത്. അതിൽ കാര്യമായ മാറ്റംവേണമെന്ന് ആവശ്യപ്പെട്ടിട്ടുണ്ട്. ഫെബ്രുവരി 10-ാം തീയതി ഇതുസംബന്ധിച്ച് സംസ്ഥാനത്തിന്റെ നിർദ്ദേശങ്ങൾ വിശദമായിത്തന്നെ അന്നത്തെ കേന്ദ്രമന്ത്രിയായിരുന്ന ശ്രീ. വീരപ്പ മൊയ്‌ലിക്ക് നൽകിയിരുന്നു. ഇതിന്മേൽ സംസ്ഥാന തീരദേശ പരിപാലന അതോറിറ്റിയുടെ അഭിപ്രായമാരാഞ്ഞുകൊണ്ട് 12-03-2014-ൽ കത്തുകിട്ടുകയും അതിൻപ്രകാരം ചീഫ് സെക്രട്ടറി, അതോറിറ്റിയുടെ മെമ്പർ സെക്രട്ടറി എന്നിവർ മേയ് മാസം 12-ാം തീയതി കേന്ദ്ര പരിസ്ഥിതി മന്ത്രാലയം സെക്രട്ടറിയെ നേരിൽകാണുകയും തീരദേശ മേഖലയിലെ ജനങ്ങൾക്കുണ്ടാകുന്ന ബുദ്ധിമുട്ടുകളും സംസ്ഥാന ഗവൺമെന്റ് മുന്നോട്ടുവച്ച നിർദ്ദേശങ്ങൾ അംഗീകരിക്കേണ്ടതിന്റെ ആവശ്യകതയും സംബന്ധിച്ച് ഉദ്യോഗസ്ഥതലത്തിൽ ചർച്ച നടത്തുകയുമുണ്ടായി. കേന്ദ്രത്തിൽ പുതിയ ഗവൺമെന്റ് വന്നതിനുശേഷം ഞാൻ ഡൽഹിയിൽപോയി പരിസ്ഥിതിവകുപ്പ് മന്ത്രി ശ്രീ. രമേശ് ജാവേദ്ക്കറെ നേരിട്ടുകണ്ട് ഈ ആവശ്യങ്ങൾ ഉന്നയിച്ചിട്ടുണ്ട്. സംസ്ഥാന ഗവൺമെന്റ് വളരെ ഗൗരവമായിട്ടാണ് ഇത് കാണുന്നത്. തീരപ്രദേശത്തെ ജനങ്ങൾക്ക് വളരെയേറെ ബുദ്ധിമുട്ടുണ്ടാക്കുന്ന ഈ തീരുമാനങ്ങളിൽ മാറ്റങ്ങൾ വരുത്തുന്നതിന് സംസ്ഥാന ഗവൺമെന്റ് സാദ്ധ്യമായ എല്ലാ നടപടികളും സ്വീകരിക്കുന്നതായിരിക്കും.

## പെട്രോൾ ക്ഷാമം

<u>ശ്രീ. പി. എ. മാധവൻ</u>: സർ, കഴിഞ്ഞ ഒരാഴ്ചക്കാലമായി നമ്മുടെ പെട്രോൾ ബങ്കുകളിൽ പലപ്പോഴും പെട്രോൾ സ്റ്റോക്കില്ലായെന്ന ബോർഡുകൾ പ്രത്യക്ഷപ്പെട്ടുവരികയാണ്. ഇൻഡ്യൻ ഓയിൽ കോർപ്പറേഷന്റെ ഇരുമ്പനം പ്ലാന്റിൽനിന്നാണ് കോഴിക്കോട് മുതൽ തിരുവനന്തപുരംവരെയുള്ള പ്രദേശങ്ങളിലേയ്ക്കുള്ള പ്രെടോൾ വിതരണം നടത്തുന്നത്. അവിടെ പെട്ടെന്നുണ്ടായ ഒരു പ്രതിസന്ധിയാണ് ഈ ക്ഷാമത്തിന് കാരണമായി ചൂണ്ടിക്കാണിക്കുന്നത്. മാത്രമല്ല, വിവിധ കമ്പനികൾ തമ്മിലുള്ള കിടമത്സരവും ഈ ക്ഷാമത്തിന് കാരണമായി ചൂണ്ടിക്കാണിക്കപ്പെടുന്നു. പൊതുജനങ്ങൾക്ക് ഇതുമൂലമുണ്ടായിട്ടുള്ള യാത്രാദുരിതമുൾപ്പെടെയുള്ള ബുദ്ധിമുട്ടുകൾ വളരെ വലുതാണ്. ഇക്കാര്യത്തിൽ സംസ്ഥാന സർക്കാർ കർശനമായ ഇടപെടൽ നടത്തുകയും ആവശ്യമാണെങ്കിൽ കേന്ദ്രസർക്കാരിൽ സമ്മർദ്ദംചെലുത്തി ഒരുമാസക്കാലത്തേയ്ക്കെങ്കിലും തടസ്സംകൂടാതെ പെട്രോൾ വിതരണം ചെയ്യുന്നതിനുള്ള സംവിധാനമുണ്ടാക്കണമെന്നുമഭ്യർത്ഥിക്കുന്നു.

മുഖ്യമന്ത്രി (<u>ശ്രീ. ഉമ്മൻ ചാണ്ടി):</u> സർ, പെട്രോളിന് ഇപ്പോൾ ക്ഷാമം ഉണ്ടാകേണ്ട സാഹചര്യമില്ല, ഒരാശങ്കയ്ക്കും വഴിയില്ല. നമ്മുടെ പ്രതിദിന വിൽപ്പന 3600 കിലോ ലിറ്റർ പെട്രോളാണ്. എന്നാൽ കഴിഞ്ഞ നാലുദിവസങ്ങളിലായി ശരാശരി 4400 കിലോ ലിറ്റർ പെട്രോൾ മൂന്ന് ഓയിൽ കമ്പനികൾ മുഖേന മാർക്കറ്റ് ചെയ്തിട്ടുണ്ട്. കൊച്ചിൻ റിഫൈനറിയിലെ 37,000 കിലോ ലിറ്റർ പെട്രോളും അവിടെ നിന്നും വീണ്ടും എടുക്കാവുന്ന 8600 കിലോ ലിറ്റർ പെട്രോളും ലഭ്യമായിരുന്നു. കൊച്ചിൻ റിഫൈനറിയുടെ പ്രതിദിന ഉൽപ്പാദന ശേഷി 7000 കിലോ ലിറ്ററാണ്. അതുകൊണ്ട് ക്ഷാമമുണ്ടാകുന്ന ഒരു സാഹ

ചര്യം ഇപ്പോഴില്ല. പക്ഷെ ക്ഷാമമുണ്ട് എന്നൊരു പ്രചാരണം എങ്ങനെയോ വന്നതിന്റെ അടിസ്ഥാനത്തിൽ വളരെ പെട്ടെന്ന് ഡിമാന്റ് കൂടുകയും പെട്രോൾ വാങ്ങി സൂക്ഷിക്കുന്നതിനുവേണ്ടിയുള്ള ഒരു താൽപ്പര്യമുണ്ടാവുകയും ചെയ്തതുകൊണ്ട് മാർക്കറ്റിൽ വന്ന ഒരു ശങ്കയാണിത്. പക്ഷെ ഗവൺമെന്റിന് ലഭ്യമായ കണക്കനുസരിച്ച് ഇതുസംബന്ധിച്ച് യാതൊരു ബുദ്ധിമുട്ടുകളുമില്ലായെന്നാണ് മനസ്സിലാകുന്നത്.

## റാഗിംഗിന് വിധേയമായി മരണമടഞ്ഞത് സംബന്ധിച്ച്

ശ്രീ. ബി. ഡി. ദേവസ്സി: സർ, എന്റെ നിയോജകമണ്ഡലത്തിൽപ്പെട്ട അഹബ് ഇബ്രാഹിം എന്ന വിദ്യാർത്ഥി ബാംഗ്ലൂരിൽ പഠിക്കുന്ന കോളേജിൽവച്ച് ക്രൂരമായ റാഗിംഗിനും ആക്രമണത്തിനും വിധേയനായി മരണപ്പെടുകയുണ്ടായി. ഇതുസംബന്ധിച്ച് കഴിഞ്ഞ ഫെബ്രുവരിയിൽ മുഖ്യമന്ത്രിക്കും ആഭ്യന്തരവകുപ്പുമന്ത്രിക്കും കുട്ടിയുടെ പിതാവ് പരാതി നൽകിയിരുന്നു. അതിന്റെ ഉള്ളടക്കം ഇതാണ്:- 'തൃശ്ശൂർ ജില്ലയിലെ ചാലക്കുടിയിൽ സ്ഥിരതാമസക്കാരനായ എന്റെ മകൻ അഹബ് ഇബ്രാഹിം, ആചാര്യ പോളിടെക്നിക് സോലാഡേവനഹള്ളി(Sold Vanahally), ബാംഗ്ലൂർ എന്ന എഞ്ചിനീയറിംഗ് കോളേജിൽ ആർക്കിടെക്ട് കോഴ്സിനു പഠിച്ചുവരികയായിരുന്നു. കോളേജിൽവച്ച് മുതിർന്ന കുട്ടികളുടെ ക്രൂരമായ റാഗിംഗിനും ആക്രമണങ്ങൾക്കും വിധേയനായ എന്റെ മകൻ 27-01-2014-ന് സപ്തഗിരി സൂപ്പർസ്പെഷ്യാലിറ്റി ഹോസ്പിറ്റലിൽ അഡ്മിറ്റായതായും ഗുരുതരാവസ്ഥയിലാണെന്നും വിദ്യാർത്ഥികൾ വിളിച്ചറിയിച്ചു. അന്നേദിവസം

ഞങ്ങൾ ആശുപത്രിയിലെത്തി അന്വേഷിച്ചപ്പോൾ മകൻ ഗുരുതരാവസ്ഥയിൽ ഐ.സി.യു. വിലാണെന്ന് മനസ്സിലായി. അന്വേഷണത്തിൽ കോളേജിലെ സീനിയർ വിദ്യാർത്ഥികളുടെ റാഗിംഗിനെത്തുടർന്ന് മാരകമായി മർദ്ദിച്ചതിനെ ത്തുടർന്നാണ് മകൻ അപകടാവസ്ഥയിലായതെന്നും മനസ്സിലാക്കി. തുടർന്ന് കുട്ടിയെ ഞങ്ങൾ ചാലക്കുടി സെന്റ്. ജെയിംസ് ഹോസ്പിറ്റലിൽ അഡ്മിറ്റാ ക്കുകയും തലയ്ക്ക് മാരകമായ അടിയേറ്റതിനെത്തുടർന്നുണ്ടായ മുറിവു കൊണ്ട് ഗുരുതരാവസ്ഥയായതിനാൽ നാല് ശസ്ത്രക്രിയകൾ ചെയ്തെങ്കിലും ഇന്നുവരെയും ബോധമില്ലാതെ കിടപ്പിലുമാണ്. ബാംഗ്ലൂർ പീനിയ പോലീസ് സ്റ്റേഷനിൽ ഞങ്ങൾ കൊടുത്ത പരാതി സ്വീകരിക്കുകയുണ്ടായില്ല. എന്നാൽ ആശുപത്രി അധികൃതർ കൊടുത്ത ഇന്റിമേഷനെത്തുടർന്ന് അന്വേഷണത്തിന് വരികയും കുട്ടിക്ക് ബോധം വീണിട്ടില്ലാത്തതിനാൽ മൊഴിയെടുക്കാതെ മടങ്ങിപ്പോയിട്ടുള്ളതു മാണ്. അന്യസംസ്ഥാനത്ത് വിദ്യാഭ്യാസത്തിനാ യിപോയ കുട്ടിക്ക് ബാംഗ്ലൂരിൽവച്ചുണ്ടായ ഈ കൊടും ആക്രമണത്തിന്റെ ഉത്തരവാദികൾ കണ്ണൂർ സ്വദേശികളാണെന്നാണ് ഞങ്ങൾക്ക് അറിവ് ലഭിച്ചത്. അവർക്കെതിരെ കർശന നടപടി സ്വീകരിക്കുന്നതിനും ഞങ്ങൾക്ക് നീതി ലഭിക്കുന്നതിനുമാവശ്യമായ നടപടികൾ സ്വീകരിക്കണമെന്നഭ്യർത്ഥിക്കു ന്നു.' ഇതാണ് പിതാവിന്റെ പരാതി. ബാംഗ്ലൂർ സോലാഡേവനഹള്ളി ആചാ ര്യ പോളിടെക്നിക് എന്ന എഞ്ചിനീയറിംഗ് കോളേജിൽ ആർക്കിടെക്ട് കോഴ്സിന് പഠിച്ചുവരികയായിരുന്ന ചാലക്കുടി പൂപ്പറമ്പ് വീട്ടിൽ സയ്യിദ് ഇബ്രാഹിമിന്റെ മകൻ അഹബ് ഇബ്രാഹിം കോളേജിൽവച്ച് മുതിർന്ന കുട്ടിക ളുടെ ക്രൂരമായ റാഗിംഗിനും ആക്രമണത്തിനും വിധേയമായി ഗുരുതരാവ സ്ഥയിൽ ചികിത്സയിലായിരിക്കെ 10–03–2014–ൽ മരണമടഞ്ഞിട്ടുള്ളതാണ്.

ഇതിന് കാരണക്കാരായവരെ കണ്ടെത്തി നിയമത്തിന്റെ മുന്നിൽ കൊണ്ടുവരുന്നതിനും മാതൃകാപരമായ ശിക്ഷനൽകുന്നതിനുമാവശ്യമായ നടപടികൾ കൈക്കൊള്ളണമെന്നും നിരവധി ഓപ്പറേഷനുകളടക്കമുള്ള ചികിത്സയ്ക്കായി വലിയതുക ചെലവുവരികയും സാമ്പത്തികമായി തകരുകയും ചെയ്ത അഹബിന്റെ കുടുംബത്തിന് ധനസഹായം നൽകുന്നതിന് സർക്കാർ അടിയന്തര നടപടി സ്വീകരിക്കുകയും ചെയ്യണമെന്ന് ഈ സബ്മിഷനിലൂടെ അഭ്യർത്ഥിക്കുന്നു.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): സർ, വളരെ നിർഭാഗ്യകരമായ ഒരു അനുഭവമാണ് ബാംഗ്ലൂർ ആചാര്യ എഞ്ചിനീയറിംഗ് കോളേജിൽ പഠിച്ച അഹബ് ഇബ്രാഹിമിനുണ്ടായത്. എറണാകുളം സൗത്ത് പോലീസ് സ്റ്റേഷനിൽ ഇതുസംബന്ധിച്ച് കേസ് രജിസ്റ്റർ ചെയ്തുവെങ്കിലും സംഭവം നടന്നത് കർണ്ണാടകാ സംസ്ഥാനത്തായതുകൊണ്ട് കേസ് അങ്ങോട്ട് കൈമാറിയിട്ടുണ്ട്. തുടർനടപടികൾ അവിടെയാണ് സ്വീകരിക്കേണ്ടത്. ഈ വിഷയത്തിൽ കർണ്ണാടകാ ഗവൺമെന്റുമായി ബന്ധപ്പെടുന്നതാണ്. സാമ്പത്തിക സഹായം നൽകുന്ന കാര്യം നിശ്ചയമായും പരിഗണിക്കും.

## കെ.എസ്.ഇ.ബി. പെൻഷൻകാർക്ക് മെഡിക്കൽ അലവൻസ്

ശ്രീ. കെ. മുരളീധരൻ: സർ, കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡിൽ സംസ്ഥാന സർക്കാർ സർവ്വീസിന് ബാധകമായ കേരളാ സർവ്വീസ് റൂളാണ് പിന്തുടർന്നുവരുന്നത്. ശമ്പളവും മറ്റ് ആനുകൂല്യങ്ങളും ലഭ്യമാക്കുന്നതിലും സമാനമായ തത്വങ്ങൾ പിന്തുടർന്നുവന്നിരുന്നു. എന്നാൽ 9-ാം ശമ്പള

പരിഷ്കരണ ഉത്തരവ് പ്രകാരം കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡിൽ പെൻഷൻകാർക്കുള്ള മെഡിക്കൽ അലവൻസ് വെറും 100 രൂപയാണ് അനുവദിച്ചുനല്കിയത്. സ്റ്റേറ്റ് സർവ്വീസ് പെൻഷൻകാർക്ക് പ്രതിമാസം 300 രൂപ നിരക്കിൽ മെഡിക്കൽ അലവൻസ് അനുവദിച്ച സാഹചര്യത്തിലാണ് കെ.എസ്.ഇ.ബി. യിൽ വെറും 100 രൂപ അലവൻസ് അനുവദിക്കുന്നത്. വാർദ്ധക്യകാലത്ത് രോഗങ്ങളും മറ്റ് അവശതകളും നിമിത്തം ദുരിതമനുഭവിക്കുന്ന പെൻഷൻകാർക്ക് മെഡിക്കൽ റീ-ഇംബേഴ്സ്മെന്റ് സൗകര്യമോ മറ്റ് ഇൻഷ്വറൻസ് സംവിധാനങ്ങളോ ഒന്നുംതന്നെ നിലവിലില്ല. പ്രസ്തുത സാഹചര്യത്തിൽ പ്രതിമാസം 100 രൂപ മാത്രം മെഡിക്കൽ അലവൻസ് അനുവദിക്കുന്നത് തികച്ചും യുക്തിരഹിതമാണ്. ഇത് പ്രതിദിനം 4 രൂപപോലും വരില്ല. ഈ തുകകൊണ്ട് എന്ത് മെഡിക്കൽ സൗകര്യമാണ് ലഭിക്കുന്നതെന്ന് നമുക്ക് ചിന്തിക്കാവുന്നതേയുള്ളൂ. വൈദ്യുതി ബോർഡ് പെൻഷൻകാർ ഈ വിവേചനം നിരവധി തവണ ബോർഡിന്റെയും സർക്കാരിന്റെയും ശ്രദ്ധയിൽകൊണ്ടുവന്നിരുന്നു. ഞാനുൾപ്പെടെയുള്ള ജനപ്രതിനിധികളും ഈ വിഷയം സർക്കാരിന്റെ മുമ്പിൽ കൊണ്ടുവന്നിട്ടുണ്ട്. എന്നാൽ ഇക്കാര്യത്തിൽ അനുകൂലമായൊരു തീരുമാനം ഇതുവരെ ഉണ്ടായിട്ടില്ല. ബോർഡിന്റെ കമ്പനിവൽക്കരണം, സാമ്പത്തിക അച്ചടക്കം തുടങ്ങിയ ന്യായവാദങ്ങളുന്നയിച്ചാണ് മെഡിക്കൽ അലവൻസ് വർദ്ധനവ് നിഷേധിക്കുന്നത്. രോഗവും പ്രായാധിക്യവും നിമിത്തം ബുദ്ധിമുട്ടുന്ന പെൻഷൻകാർക്ക് പ്രതിമാസം 100 രൂപ മെഡിക്കൽ അലവൻസ് നൽകുന്നത് 300 രൂപയായി വർദ്ധിപ്പിച്ച് നല്കണമെന്ന ന്യായമായ ആവശ്യത്തെ നിഷേധിക്കാൻ ഇത്തരം തടസ്സവാദങ്ങൾ ഒട്ടുംതന്നെ യുക്തിഭദ്രമല്ല. അയതിനാൽ കെ.എസ്.ഇ.ബി. പെൻഷൻകാരുടെ

മെഡിക്കൽ അലവൻസ് സ്റ്റേറ്റ് സർവ്വീസ് പെൻഷൻകാരുടേതിന് തുല്യമായി 300 രൂപ നിരക്കിൽ മുൻകാല പ്രാബല്യത്തോടെ അനുവദിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കണമെന്ന് ബഹുമാനപ്പെട്ട സർക്കാരിനോട് ഞാൻ അഭ്യർത്ഥിക്കുകയാണ്.

ഊർജ്ജ വകുപ്പുമന്ത്രി (ശ്രീ. ആര്യാടൻ മുഹമ്മദ്): സർ, ബഹുമാനപ്പെട്ട മെമ്പർ ഇവിടെ ചൂണ്ടിക്കാണിച്ചതുപോലെ സ്റ്റേറ്റ് കമ്മീഷൻ റിപ്പോർട്ടനുസരിച്ചല്ല കെ.എസ്.ഇ.ബി. യിൽ ശമ്പളം കൊടുക്കുന്നത്. ഡയറക്ടായി നെഗോഷ്യേറ്റ് ചെയ്ത് ലോംഗ്ടേം സെറ്റിൽമെന്റുണ്ടാക്കുകയാണ് അവിടത്തെ സമ്പ്രദായം. അത് പലപ്പോഴും പേ-കമ്മീഷൻ റിപ്പോർട്ടിനേക്കാൾ കൂടുതലായിരിക്കും. പേ-കമ്മീഷൻ റിപ്പോർട്ടിലാണ് മെഡിക്കൽ അലവൻസ് 100 രൂപയെന്നത് 300 രൂപയാക്കിയത്. അത് കെ.എസ്.ഇ.ബി. യിൽ ബാധകമല്ലായെന്നാണ് സർക്കാരിന്റെ അഭിപ്രായം. ഇത് ഇപ്പോൾ ഗവണ്മെന്റിന്റെ പരിഗണനയിലാണ്. ഏതായാലും ബഹുമാനപ്പെട്ട മെമ്പർ ഇവിടെ ചൂണ്ടിക്കാണിച്ചതുകൊണ്ടും ഇവർ പല നിവേദനങ്ങൾ നൽകിയതുകൊണ്ടും ഒന്നുകൂടി പരിശോധിക്കാം.

## കെ.കെ. ഷുക്കൂറിന്റെ തിരോധാനം

ശ്രീ. അൻവർ സാദത്ത്: സർ, എന്റെ സഹപാഠിയും സുഹൃത്തുമായ കെ.കെ. ഷുക്കൂറിനെ 17 വർഷമായി സൗദിയിൽ കാണാതായ വിഷയമാണ് വളരെ പ്രയാസത്തോടുകൂടി ഈ സഭയുടെ മുന്നിൽ കൊണ്ടുവരുന്നത്. 17 വർഷമായി തന്റെ മകൻ ജീവിച്ചിരിപ്പുണ്ടോ മരിച്ചോ എന്നറിയാതെ നീണ്ടകാ

ത്തിരിപ്പിലാണ് ഷുക്കൂറിന്റെ മാതാവും പിതാവും മറ്റ് കുടുംബാംഗങ്ങളും. പ്രയാസകരമായ ഈ കാത്തിരിപ്പിന് ഒരു മറുപടി പറയാൻ ഗവണ്മെന്റിനോ ബന്ധപ്പെട്ട അധികാരികൾക്കോ സാധിച്ചിട്ടില്ല. ആ പ്രദേശവാസികൾതന്നെ വളരെ പ്രയാസത്തോടെയാണ് ഇതിനെ നോക്കിക്കാക്കാണുന്നത്. ആലുവ മണ്ഡലത്തിലെ ഇടയപ്പുറം നിവാസികളായ കൊടുവത്ത് വീട്ടിൽ കെ.എം. കാസിമിന്റേയും ഫാത്തിമ കാസിമിന്റെയും മകനായ കെ.കെ. ഷുക്കൂർ ജോലിക്കായി 13/10/1997-ൽ ഖത്തറിലേയ്ക്ക് പോയിരുന്നു. സുരേന്ദ്രൻ എന്ന ഏജന്റ് മുഖാന്തിരമായിരുന്നു ഷുക്കൂർ ഖത്തറിൽ പോയത്. ഖത്തറിൽ അദ്ദേഹം ജോലിയിൽ പ്രവേശിച്ചതായി ബന്ധുക്കൾക്ക് വിവരം ലഭിക്കുകയും ചെയ്തു. ഖത്തറിൽനിന്നും സൗദി അറേബ്യയിലേയ്ക്ക് തൊഴിൽ മാറ്റത്തി നായി ഷുക്കൂർ 25-11-1997-ൽ സൗദി എംബസിയിൽനിന്നും വിസ വാങ്ങു കയും അന്നുതന്നെ ഖത്തറിൽനിന്നും സൗദി അറേബ്യയിലേയ്ക്ക് പോവു കയും ചെയ്തു. അതിനുശേഷം 27-11-1997-ൽ ഇദ്ദേഹത്തെ കാണാതാവു കയും ചെയ്തു. എന്നാൽ വിവിധ ജനപ്രതിനിധികൾ മുഖാന്തിരവും എംബ സിവഴിയും അന്വേഷണം നടത്തിയെങ്കിലും നാളിതുവരെ ഷുക്കൂർ എന്ന യുവാവിനെക്കുറിച്ച് യാതൊരു വിവരവും ലഭിച്ചിട്ടില്ല. ഈ സാഹചര്യത്തിൽ സൗദി അറേബ്യയിലേയും ഖത്തറിലേയും പ്രവാസി സംഘടനവഴിയോ എംബസിവഴിയോ ഏതെങ്കിലും അന്താരാഷ്ട്ര ഏജൻസി വഴിയോ ഇന്റർപോൾ വഴിയോ സമഗ്രമായൊരന്വേഷണം നടത്തി നിജസ്ഥിതി ബോധ്യ മാക്കുവാനും കേന്ദ്ര സർക്കരിന്റെ സഹായം അഭ്യർത്ഥിച്ചുകൊണ്ട് നിയമപര മായ നടപടി പൂർത്തീകരിച്ച് ഷുക്കൂറിനെ കണ്ടത്താനുള്ള നടപടി സ്വീകരി ക്കണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. ഷുക്കൂർ ജീവിച്ചിരിപ്പുണ്ടോ മരിച്ചോ എന്നറിയാതെ വളരെ പ്രയാസത്തിലാണ് അദ്ദേഹത്തിന്റെ

കുടുംബം. അതിനൊരു ശാശ്വതമായ പരിഹാരം കാണാൻ ഗവൺമെന്റ് ഇട പെടണമെന്ന് ഞാൻ ഈ സബ്മിഷനിലൂടെ അഭ്യർത്ഥിക്കുകയാണ്.

ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികകാര്യവും നോർക്കയും വകുപ്പുമന്ത്രി (ശ്രീ. കെ. സി. ജോസഫ്) : സർ, സ്വന്തം സഹ പാഠിയും സുഹൃത്തുമായ കെ.കെ. ഷുക്കൂറിന്റെ തിരോധാനം സംബ ന്ധിച്ചാണ് അൻവർ സാദത്തിന്റെ സബ്മിഷൻ. അദ്ദേഹത്തിന്റെ തിരോധാനം വളരെയേറെ വേദനാജനകമാണ്. കെ.കെ. ഷുക്കൂർ കൊടുവത്ത് ഹൗസ്, ഇടയപ്പുറം, ആലുവ എന്ന ഇദ്ദേഹത്തിന്റെ സഹപാഠി ഇന്ത്യയിൽനിന്ന് 13–10–1997–നാണ് ദോഹ ഖത്തറിലേയ്ക്ക് പോയത്. ഇദ്ദേഹത്തെ സുരേന്ദ്രൻ, പി.ബി.നമ്പർ 1556 ടെയ്സർ ഗ്യാരേജ്, ദോഹ എന്ന ഏജന്റാണ് കൊണ്ടുപോ യത്. 2 വർഷം ഷുക്കൂർ അവിടെ ജോലിചെയ്തു. 27–11–1999–ൽ അവി ടത്തെ എംബസിയിൽനിന്നും വിസ വാങ്ങി ഷുക്കൂർ സൗദി അറേബ്യയി ലേയ്ക്ക് പോയി. പിന്നീട് ഷുക്കൂറിനെക്കുറിച്ച് യാതൊരു വിവരവും ലഭിച്ചി ട്ടില്ല. അദ്ദേഹത്തിന്റെ മാതാവ് ഫാത്തിമ കാസിം നിരന്തരമായി ഗവൺമെന്റിന് പരാതികൾ സമർപ്പിക്കുകയുണ്ടായി. അവർ 21–2–2012–ന് മനുഷ്യാവകാശ കമ്മീഷനിൽ പരാതികൊടുത്തു. കഴിഞ്ഞ കാലങ്ങളിലെല്ലാം ഗവൺമെന്റുകൾ ഈ വിഷയം ഗൗരവമായി കണക്കിലെടുക്കുകയും ഖത്തറിലെ ഇന്ത്യൻ എംബസി, സൗദിയിലെ ഇന്ത്യൻ എംബസി, വിദേശകാര്യ വകുപ്പ് തുടങ്ങിയവ യെയെല്ലാം അറിയിച്ച് മുമ്പോട്ടുപോയിയെങ്കിലും ഇപ്പോഴും വ്യക്തമായ ഒരു മറുപടി ലഭിച്ചിട്ടില്ല. ഞാൻ ചുമതലയേറ്റശേഷം 9–4–2012, 28–5–2012, 13–7–2012 എന്നിങ്ങനെ പലതവണയായി നോർക്ക ഡിപ്പാർട്ടുമെന്റ് ദോഹ

യിലേയും സൗദിയിലേയും അംബാസിഡർമാർക്ക് കത്തയച്ചു. അവർ ഈ വിവരം ബന്ധപ്പെട്ട ഗവണ്മെന്റുകളുടെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. സൗദിയിലെ മനുഷ്യാവകാശ കമ്മീഷണറുടെ മുമ്പിലും ഈ വിവരം ഉന്നയിച്ചിട്ടുണ്ട്. ഇങ്ങനെയൊക്കെയാണെങ്കിലും ഇതുസംബന്ധിച്ച് യാതൊരു മറുപടിയും ലഭിച്ചിട്ടില്ല. ഇത് വളരെയേറെ നിർഭാഗ്യകരമായൊരു കാര്യമാണ്. ഒരു ഇന്ത്യൻ പൗരൻ മിസ്സിംഗ് ആയി ഇത്രയും വർഷമായിട്ടും ഇന്ത്യാ ഗവൺമെന്റ് ഗൗരവമായി ഈ വിഷയം ഉന്നയിച്ചിട്ടും സൗദി ഗവൺമെന്റോ ഖത്തർ ഗവൺമെന്റോ മനുഷ്യാവകാശ കമ്മീഷനോ ഇടപെട്ട് അന്വേഷണം നടത്തി കണ്ടെത്താൻ കഴിയാതെ പോയിയെന്നുള്ളത് വളരെ വേദനാപൂർവ്വമായിട്ടാണ് ഗവൺമെന്റ് കാണുന്നത്. കേന്ദ്ര വിദേശകാര്യ വകുപ്പുമന്ത്രിയാണ് ഇപ്പോൾ പ്രവാസികാര്യവകുപ്പ് ചുമതല വഹിക്കുന്നത്. ഒരിക്കൽക്കൂടി ഈ വിവരം അദ്ദേഹത്തെയും സൗദിയിലേയും ഖത്തറിലെയും അംബാസിഡർമാരെയും അറിയിക്കാം. പക്ഷേ, സൗദിയിലെ ഗവൺമെന്റ് കൂടി സഹകരിക്കാതെ ഒരു തീരുമാനമുണ്ടാക്കുക പ്രയാസമാണ്. അന്വേഷിക്കുമ്പോഴെല്ലാം ലഭിക്കുന്ന മറുപടി ഇത് ഗൗരവമായ പരിഗണനയിലാണ്, വിവരം പിന്നീട് അറിയിക്കാമെന്നാണ്. ഇക്കാര്യത്തിൽ ഗവൺമെന്റിന് ചെയ്യാൻ കഴിയുന്ന കാര്യങ്ങൾ ചെയ്യുന്നതിന് തീർച്ചയായും നടപടി സ്വീകരിക്കും.

## കനാൽ ശുചീകരണം

ഡോ. ടി. എം. തോമസ് ഐസക് : സർ, കനാലുകളുടെയും തോടുകളുടെയും പട്ടണമാണ് ആലപ്പുഴ. പക്ഷെ നീരൊഴുക്ക് നിലച്ചതിന്റെ ഫലമായും പതിറ്റാണ്ടുകളായി മാലിന്യങ്ങൾ നീക്കംചെയ്യാത്തതിന്റെ ഫലമായിട്ടുമെല്ലാം അവിടെയുള്ള തോടുകൾ ജനങ്ങളുടെ ആരോഗ്യത്തിന് വളരെ ഭീഷണിയായി

മാറിയിരിക്കുകയാണ്. ഇറിഗേഷൻ ഡിപ്പാർട്ടുമാന്റ് ഈ തോടുകൾ പുനരുദ്ധരിക്കുന്നതിനുവേണ്ടി ചില നടപടികൾ സ്വീകരിച്ചിട്ടുണ്ട്. എന്നാൽ അതിന് വേണ്ടത്ര വേഗതയില്ലായെന്നുള്ള ആക്ഷേപമാണ് ഞാൻ ഉന്നയിക്കുന്നത്. ആലപ്പുഴ വാടക്കനാൽ, കൊമേഴ്സ്യൽ കനാൽ എന്നിവയുടെ ഡ്രഡ്ജിംഗ് ആരംഭിച്ചിട്ടുണ്ടെങ്കിലും വളരെ പതുക്കെയാണ് ജോലികൾ നടക്കുന്നത്. ഏറ്റവും പ്രധാനപ്പെട്ടത് കടലിൽനിന്ന് ഉപ്പുവെള്ളംകൊണ്ടുവന്ന് ചില സന്ദർഭങ്ങളിൽ തോടുകൾ ശുചീകരിക്കുന്ന ഒരു സ്കീമുണ്ട്, അത് തുടങ്ങിയിട്ടുപോലുമില്ല. ഈ കനാലുകളിലേയ്ക്ക് വന്നുചേരുന്ന ഇടത്തോടുകളുടെ പ്രവർത്തനത്തിനുവേണ്ടി 5 കോടി രൂപ വകയിരുത്തിയിട്ടുണ്ടെന്നാണ് അറിയാൻ കഴിഞ്ഞത്. പക്ഷെ അതിന്റെ പ്രവർത്തനങ്ങൾ ഇതുവരെയും ആരംഭിച്ചിട്ടില്ല. മറ്റൊരു കാര്യം, തത്തംപള്ളിപോലെ വളരെ താഴ്ന്ന പ്രദേശങ്ങളിൽ പണ്ടുണ്ടായിരുന്ന തോടെല്ലാം മൂടപ്പെട്ടുപോയതുകൊണ്ട് അതിരൂക്ഷമായ വെള്ളക്കെട്ടിന്റെ പ്രശ്നമുണ്ട്. ഇപ്പോഴുള്ള പ്രോജക്ടുകൾ സമയബന്ധിതമായി തീർക്കുന്നതിനുവേണ്ടി, ഈ നിയമസഭ നടക്കുന്ന അവസരത്തിൽത്തന്നെ അങ്ങ് മുൻകൈയെടുത്ത് കളക്ടറുടെയും ബന്ധപ്പെട്ട ഡിപ്പാർട്ടുമെന്റ് ഉദ്യോഗസ്ഥൻമാരുടെയും ഒരു യോഗം വിളിക്കണമെന്നാണ് എന്റെ അഭ്യർത്ഥന.

<u>ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. പി. ജെ. ജോസഫ്):</u> സർ. ആലപ്പുഴ നഗരത്തിലെ പ്രധാനപ്പെട്ട 9 കനാലുകളായ വാടക്കനാൽ, ഉപ്പൂട്ടി കനാൽ, ആലപ്പുഴ-ചേർത്തല കനാൽ, വെസ്റ്റ് ജംഗ്ഷൻ കനാൽ, കൊമേഴ്സ്യൽ കനാൽ, ഈസ്റ്റ് ജംഗ്ഷൻ കനാൽ, കൊട്ടാരം തോട്, ആലപ്പുഴ-അമ്പലപ്പുഴ കനാൽ,

മുറിഞ്ഞപുഴ കനാൽ എന്നിവയുടെ ശുചീകരണ പ്രവർത്തനങ്ങൾ നടന്നു വരുന്നു. 352 ലക്ഷം രൂപയുടെ സാങ്കേതിക അനുമതിയും നൽകിയിട്ടുണ്ട്. മേൽപ്പറഞ്ഞ കനാലുകളിൽ അടിഞ്ഞുകൂടിയിട്ടുള്ള മണ്ണും മറ്റ് മാലിന്യങ്ങളും 45 മുതൽ 60 സെന്റീമീറ്റർ വരെ കനത്തിൽ നീക്കം ചെയ്യുന്നതിനാണ് കരാർ നൽകിയിട്ടുള്ളത്. ഈ കനാലുകളിലെ പോള നീക്കം ചെയ്യുന്നതിനുള്ള നടപടികളും പ്രസ്തുത പ്രവൃത്തിയിൽ ഉൾപ്പെട്ടിട്ടുണ്ട്. പ്രവൃത്തിയുടെ കാലാവധി നാല് മാസമാണെങ്കിലും നാല് മാസം കൂടി ആവശ്യമായി വന്നേയ്ക്കും. 25 ശതമാനം പണികൾ മാത്രമേ പൂർത്തിയായിട്ടുള്ളൂ. രണ്ടാം ഘട്ടമായി ആലപ്പുഴ നഗരത്തിലെ 104 അനുബന്ധ കനാലുകളുടെ ശുചീകരണത്തിനായി എസ്റ്റിമേറ്റ് തയ്യാറാക്കി വരികയാണ്. ഡോ. ടി. എം. തോമസ് ഐസക് നിർദ്ദേശിച്ചതുപോലെ ബന്ധപ്പെട്ട ഉദ്യോഗസ്ഥൻമരെയും എം.എൽ.എ. യെയും കൂടി ഉൾപ്പെടുത്തിയ ഒരു മീറ്റിംഗ് വിളിക്കുന്നതാണ്.

## നെൻമാറ സി.എച്ച്.സി. താലൂക്കാശുപത്രിയാക്കി ഉയർത്തൽ

ശ്രീ. വി. ചെന്താമരാക്ഷൻ: സർ, എന്റെ മണ്ഡലത്തിലെ നെൻമാറ കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ താലൂക്കാശുപത്രിയായി ഉയർത്തണമെന്ന അഭ്യർത്ഥനയാണ് എനിക്ക് ഈ സബ്മിഷനിലൂടെ ഉന്നയിക്കാനുള്ളത്. ബ്രിട്ടീഷ് ഭരണകാലത്ത് 1892-ൽ ആരംഭിച്ചതാണ് ഈ ആശുപത്രി. ഒന്നേകാൽ നൂറ്റാണ്ടിന്റെ പഴക്കമുള്ള ആശുപത്രിയിൽ യാതൊരുവിധത്തിലുള്ള വികസനവും പുരോഗതിയും ഉണ്ടായിട്ടില്ല. ആയിരക്കണക്കിന് രോഗികളാണ് ഔട്ട് പേഷ്യന്റ് വിഭാഗത്തിലും ഇൻ പേഷ്യന്റ് വിഭാഗത്തിലുമായി ഈ ആശുപത്രിയിൽ എത്തിച്ചേരുന്നത്. ചികിത്സയ്ക്കാവശ്യമായ പശ്ചാ

ത്തല സൗകര്യം നെൻമാറ ബ്ലോക്ക് പഞ്ചായത്തിന്റെ ആഭിമുഖ്യത്തിലുണ്ടാക്കിയിട്ടുണ്ടെങ്കിലും ആശുപത്രിയുടെ നിലവാരം ഉയർത്തുന്നതിനുള്ള യാതൊരു നടപടിയും സ്വീകരിച്ചിട്ടില്ല. ഡോക്ടർമാരുടെ കുറവ് പരിഹരിക്കുന്നതിനും ആശുപത്രിയുടെ പദവി ഉയർത്തുന്നതിനുമായി ഈ പ്രദേശത്തെ ജനങ്ങൾ പലതവണ ആവശ്യമുന്നയിച്ചെങ്കിലും ഇന്നേവരെ അതു നേടിയെടുക്കാൻ കഴിഞ്ഞിട്ടില്ല. ആ പ്രദേശത്തെ ഏക ആശുപത്രിയാണിത്. സ്വകാര്യ ആശുപത്രികളൊന്നും അവിടെ പ്രവർത്തിക്കുന്നില്ല. അതിനാൽ ഈ സർക്കാർ ആശുപത്രിയുടെ പ്രവർത്തനം മികവുറ്റതാക്കി നല്ല സേവനം ലഭ്യമാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണം. താലൂക്കാശുപത്രിയായി ഉയർത്തി ആവശ്യത്തിന് ഡോക്ടർമാരെയും സ്റ്റാഫിനെയും അനുവദിച്ചാൽ ഫലപ്രദമായ രൂപത്തിൽ ഈ ആശുപത്രി പ്രവർത്തിപ്പിക്കാൻ കഴിയും. അതിനുള്ള എല്ലാ പശ്ചാത്തല സൗകര്യവും അവിടെയുണ്ട്. ഡോക്ടർമാരുടെയും നഴ്സുമാരുടെയും ക്വാർട്ടേഴ്സും അവിടെയുണ്ട്. മറ്റുപല ആശുപത്രികളും നേരിടുന്ന പ്രശ്നം സ്ഥലമില്ലായ്മയാണെങ്കിൽ അവിടെ നാലര ഹെക്ടർ സ്ഥലമുണ്ട്. എന്തു വികസന പ്രവർത്തനം വേണമെങ്കിലും അവിടെ നടപ്പിലാക്കാവുന്നതാണ്. ബഹുമാനപ്പെട്ട മന്ത്രി ഇക്കാര്യത്തിൽ ഉദാരമായ സമീപനം സ്വീകരിക്കണം എന്നാണ് ഈ സബ്മിഷനിലൂടെ എനിക്ക് ഉന്നയിക്കാനുള്ളത്.

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. വി. എസ്. ശിവകുമാർ): സർ, നെൻമാറ സി.എച്ച്.സി. താലൂക്കാശുപത്രിയായി ഉയർത്തണമെന്നാണ് പ്രധാനമായും ആവശ്യപ്പെട്ടിട്ടുള്ളത്. ബ്ലോക്ക് പഞ്ചായത്തിന്റെ കീഴിൽ പ്രവർത്തിച്ചുവരുന്ന നെൻമാറ സി.എച്ച്.സി. നെൻമാറ,

അയിലൂർ, മേലാർ റോഡ്, വണ്ടാഴി, ഇലവഞ്ചേരി, പല്ലശ്ശന, നെല്ലിയാമ്പതി എന്നീ ഏഴ് ഗ്രാമപഞ്ചാത്തുകളിലെ ജനങ്ങളുടെ ഏക കിടത്തി ചികിത്സാ കേന്ദ്രമാണ്. നിലവിൽ 93 കിടക്കകളാണ് ഈ ആരോഗ്യ കേന്ദ്രത്തിനനുവദി ച്ചിട്ടുള്ളത്. ബഹുമാനപ്പെട്ട മെമ്പർ സൂചിപ്പിച്ചതുപോലെ ഓപ്പറേഷൻ തീയേ റ്റർ, കണ്ണു പരിശോധനാ സൗകര്യം, ലബോറട്ടറി, എക്സ്റേ, മോർച്ചറി സൗക ര്യം, പോസ്റ്റ്മോർട്ടം സൗകര്യം, ആംബുലൻസ് സൗകര്യം, ഡോക്ടർമാർക്കു ള്ള ക്വാർട്ടേഴ്സ് എന്നീ എല്ലാ സൗകര്യങ്ങളും ഇവിടെ നിലവിലുണ്ട് എന്നത് യാഥാർത്ഥ്യമാണ്. ഖര–ജൈവ മാലിന്യങ്ങളുടെ സംസ്ക്കരണം ഇമേജുമായി ബന്ധപ്പെട്ട് നടത്തിവരുന്നുണ്ട്. സി.എച്ച്.സി. യിലെ പ്രതിദിന ഒ.പി 500 മുതൽ 600 വരെയാണ്. ശരാശരി 40 നും 60 നും ഇടയ്ക്ക് ഐ.പി. യുണ്ട്. ഇവിടെ നിന്നും 15 കിലോമീറ്റർ ദൂരത്തായി ആലത്തൂർ താലൂക്കാശുപത്രി പ്രവർത്തി ക്കുന്നു. നിലവിൽ രണ്ട് സിവിൽ സർജൻമാരും ആറ് അസിസ്റ്റന്റ് സർജൻമാരും ഉൾപ്പെടെ ആകെ 55 തസ്തികകളാണുള്ളത്. നെൻമാറ സി.എച്ച്.സി.യെ താലൂക്കാശുപത്രിയായി ഉയർത്താവുന്നതാണെന്നാണ് ഡി.എച്ച്.എസ്. നൽകിയിട്ടുള്ള റിപ്പോർട്ട്. ഇക്കാര്യം സർക്കാർ പരിശോധി ക്കുന്നതാണ്.

## ജാതി സർട്ടിഫിക്കറ്റ് നൽകുന്നതിലെ അപാകത

ശ്രീ. എ. റ്റി. ജോർജ്: സർ, നമ്മുടെ സംസ്ഥാനത്തെ ഒരു പ്രധാനപ്പെട്ട പിന്നോക്ക സമുദായമാണ് നാടാർ സമുദായം. നാടാർ സമുദായത്തിന് ഒരു പ്രത്യേകതയുണ്ട് – ഒരു കുടുംബത്തിലെ സഹോദരങ്ങളിൽ വ്യത്യസ്തമായ മതാചാരങ്ങളുണ്ട്. അതിൽ ഹിന്ദുക്കളും ക്രിസ്ത്യാനികളുമുണ്ടാകും. ക്രിസ്ത്യാനികളിൽത്തന്നെ വിവിധ സഭകളിൽ വിശ്വസിക്കുന്ന ആൾക്കാരു

മുണ്ട്. അത്തരത്തിലുള്ള സമുദായങ്ങളിൽപ്പെട്ട ആളുകൾക്ക് ജാതി സർട്ടിഫിക്കറ്റ് കൊടുക്കുന്നതിലുണ്ടാകുന്ന ബുദ്ധിമുട്ടുകളാണ് ഈ സബ്മിഷനിലൂടെ ഞാൻ ഇവിടെ അവതരിപ്പിക്കാൻ ഉദ്ദേശിക്കുന്നത്. എസ്.ഐ.യു.സി. നാടാർ ക്രിസ്ത്യൻ സമുദായ അംഗങ്ങൾക്ക് ജാതി സർട്ടിഫിക്കറ്റ് ലഭിക്കുന്നതിന് 27-09-1947 എന്ന കാലപരിഗണന വച്ചിരിക്കുന്നതുമൂലം അർഹതപ്പെട്ടവർക്ക് യഥാസമയം ജാതി സർട്ടിഫിക്കറ്റ് ലഭിക്കാത്ത സാഹചര്യമാണുള്ളത്. ഇത് സംബന്ധിച്ച് നിരവധി നിവേദനങ്ങൾ സർക്കാരിന് സമർപ്പിച്ചിട്ടുണ്ടെങ്കിലും ഇതുവരെ പരിഹാര നടപടികൾ ഉണ്ടായിട്ടില്ല. ഈ വിഷയം സംബന്ധിച്ച് ദക്ഷിണ കേരള മഹാഇടവക ബിഷപ്പ് 3-4-2012-ൽ സർക്കാരിന് സമർപ്പിച്ച നിവേദനത്തിന്മേൽ പിന്നോക്ക വികസന വകുപ്പ് സമഗ്രപഠനം നടത്തി റിപ്പോർട്ട് സമർപ്പിക്കുകയും 27-9-1947 എന്ന കാലാവധി നിഷ്ക്കർഷിക്കാതെ ലത്തീൻ കത്തോലിക്കാ സമുദായാംഗങ്ങൾക്ക് സർട്ടിഫിക്കറ്റ് വിതരണ മാനദണ്ഡത്തിൽ ഇളവ് വരുത്തിയതുപോലെ എസ്.ഐ.യു.സി. നാടാർ സമുദായ അംഗങ്ങൾക്കും മാനദണ്ഡങ്ങളിൽ ഇളവ് വരുത്തുന്നത് സംബന്ധിച്ച് സർക്കാർ തലത്തിൽ തീരുമാനം ഏടുക്കാവുന്നതാണെന്ന് നിർദ്ദേശിച്ചെങ്കിലും സർക്കാർ ഉത്തരവിൽ പ്രസ്തുത നിർദ്ദേശം അംഗീകരിച്ചിട്ടില്ല. ആയതിനാൽ മേൽ പ്രസ്താവിച്ച നിർദ്ദേശമനുസരിച്ച് എസ്.ഐ.യു.സി. പ്രസിഡന്റ് എന്ന നിലയിൽ ബിഷപ്പ് നൽകുന്ന സർട്ടിഫിക്കറ്റ് ആധികാരിക രേഖയായി അംഗീകരിച്ചുകൊണ്ട് വില്ലേജാഫീസർ ജാതി സർട്ടിഫിക്കറ്റ് നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്ന് ഞാൻ ഈ സബ്മിഷനിലൂടെ ആവശ്യപ്പെടുന്നു.

പട്ടികജാതി-പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. എ. പി. അനിൽകുമാർ): സർ, 30-08-2013-ലെ ഗവൺമെന്റ് ഉത്തരവിൻ പ്രകാരം എസ്.ഐ.യു.സി. നാടാർ ക്രിസ്ത്യൻ സമുദായങ്ങൾക്ക് ജാതി സർട്ടിഫിക്കറ്റ് നൽകുന്നത് സംബന്ധിച്ച് മാർഗ്ഗ നിർദ്ദേശം നൽകി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത ഉത്തരവ് പ്രകാരം എസ്.ഐ.യു.സി. നാടാർ ക്രിസ്ത്യൻ സർട്ടിഫിക്കറ്റിന്റെ ഗുണഭോക്താവ് എസ്.ഐ.യു.സി. വിഭാഗത്തിൽപ്പെട്ടയാളാണെന്നും ഗുണഭോക്താവും പിതാവും 27.09.1947-ന് മുമ്പ് പ്രസ്തുത വിഭാഗത്തിലുൾപ്പെട്ടിരുന്നവരുമാണെന്ന് എസ്.ഐ.യു.സി. നാടാർ ക്രിസ്ത്യൻ സമുദായത്തിന്റെ ബിഷപ്പ് (സി.എസ്.ഐ.) നൽകുന്ന സർട്ടിഫിക്കറ്റ് റവന്യൂ അധികാരികളുടെ അന്വേഷണത്തിന് സഹായകരമായ രേഖയായി പരിഗണിച്ച് പ്രസ്തുത രേഖയുടേയും വില്ലേജ് ഓഫീസർ നടത്തുന്ന പ്രാദേശിക അന്വേഷണത്തിൽ വെളിവാകുന്ന വസ്തുതകളുടെയും അടിസ്ഥാനത്തിൽ എസ്.ഐ.യു.സി. നാടാർ ക്രിസ്ത്യൻ സമുദായങ്ങൾക്ക് ജാതി സർട്ടിഫിക്കറ്റ് നൽകേണ്ടതാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. റവന്യൂ അധികാരികളുടെ വിശദമായ പ്രാദേശിക അന്വേഷണവും പരിശോധനയും കൂടാതെ മതസമുദായ സംഘടനകളുടെ സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിൽ മാത്രം ജാതി സർട്ടിഫിക്കറ്റ് നൽകാൻ റവന്യൂ അധികാരികൾ നിർബന്ധിതരായാൽ സംവരണ ആനുകൂല്യങ്ങൾ ലഭിച്ചുകൊണ്ടിരിക്കുന്ന സമുദായങ്ങളെല്ലാം തന്നെ ഇതേ ആവശ്യവുമായി മുന്നോട്ട് വരുന്നതാണ്. സംവരണത്തിന് അർഹതയുള്ള പട്ടികജാതി/പട്ടികവർഗ്ഗ/പിന്നോക്ക സമുദായങ്ങളെ പ്രതിനിധീകരിക്കുന്ന അനേകം സമുദായ സംഘടനകൾ ഓരോ സമുദായത്തിലും നിലവിലുണ്ട്. ഈ സാഹചര്യത്തിൽ സംവരണാനുകൂല്യം

ലഭിക്കുന്ന നൂറ് കണക്കിന് സമുദായ സംഘടനകളിൽ നിന്നും റവന്യൂ അധികാരികളുടെ അന്വേഷണം കൂടാതെ ജാതി സർട്ടിഫിക്കറ്റ് നൽകണമെന്ന സമാനമായ ആവശ്യം ഉയർന്നുവരികയും അർഹതയില്ലാത്തവർ സംവരണാനുകൂല്യങ്ങൾ കൈപ്പറ്റുന്ന അവസ്ഥ സംജാതമാവുകയും ചെയ്യും. ഈ സാഹചര്യത്തിൽ എസ്.ഐ.യു.സി. നാടാർ സമുദായങ്ങൾക്ക് എസ്.ഐ.യു.സി. നാടാർ സമുദായ പ്രസിഡന്റ് എന്ന നിലയിൽ ദക്ഷിണ കേരള മഹാഇടവകയിലെ ബിഷപ്പ് നൽകുന്ന സർട്ടിഫിക്കറ്റ് അംഗീകരിച്ചുകൊണ്ട് വില്ലേജാഫീസർ ജാതി തെളിയിക്കുന്ന സർട്ടിഫിക്കറ്റ് നൽകുന്നതിന് വേണ്ടുന്ന നിർദ്ദേശം നൽകണമെന്ന ആവശ്യം, വിശദമായ പഠനങ്ങൾക്കും പരിശോധനകൾക്കും ശേഷം മാത്രമേ പരിഗണിക്കാൻ കഴിയുകയുള്ളൂ. ഈ വിഷയം ശ്രീ. എ. റ്റി. ജോർജുൾപ്പെടെയുള്ള അംഗങ്ങൾ വളരെ മുമ്പുതന്നെ ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെടുത്തിയതാണ്. ഇക്കാര്യത്തിൽ എന്ത് ചെയ്യാൻ കഴിയുമെന്ന് പരിശോധിച്ച് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്.

**ഏകാധ്യാപക വിദ്യാലയങ്ങളിലെ അദ്ധ്യാപകർക്ക് സ്ഥിരനിയമനം**

ശ്രീ. റോഷി അഗസ്റ്റിൻ: സർ, കേരള എഡ്യൂക്കേഷൻ റൂളിൽ ഭേദഗതി വരുത്തി 111 ഏകാധ്യാപക സ്കൂളുകളെ എൽ.പി. സ്കൂളുകളാക്കി അപ്ഗ്രേഡ് ചെയ്യാനുള്ള നടപടി അഭിനന്ദനീയമാണ്. ഇത് വിദ്യാഭ്യാസപരമായും സാമൂഹിക-സാമ്പത്തികപരമായും പിന്നോക്കാവസ്ഥയിലുള്ള ആദിവാസി, തീരദേശ, ഉൾനാടൻ പ്രദേശങ്ങളിലുള്ള കുടുംബങ്ങൾക്ക് പ്രതീക്ഷ നൽകുന്നതാണ്. ഈയവസരത്തിൽ കഴിഞ്ഞ 17 വർഷമായി ഏകാധ്യാപക സ്കൂളുകളിൽ സേവനം ചെയ്യുന്ന എഡ്യൂക്കേഷൻ വോളന്റിയർമാരുടെ സ്ഥിര നിയമനക്കാര്യം അങ്ങയുടെ ശ്രദ്ധയിൽ കൊണ്ടുവരികയാണ്.

സ്കൂളുകളിൽ പോയി പഠിക്കാൻ മടികാണിക്കുന്ന വനാന്തരങ്ങളിലെ ആദിവാസി ഊരുകളിൽ നിന്നുള്ള കുട്ടികളെ സ്കൂളിലെത്തിച്ച് പഠിപ്പിക്കുന്ന കാര്യത്തിൽ ഇവർ ചെയ്തിട്ടുള്ള സേവനം ശ്ലാഘനീയമാണ്. കേവലം 3000 രൂപ ഓണറേറിയത്തിൽ ഇത്രമാത്രം മഹത്തായ കാര്യം ചെയ്യാൻ സാധിക്കുന്നത് അവരുടെ സാമൂഹിക പ്രതിബദ്ധത ഒന്നുകൊണ്ടു മാത്രമാണെന്ന് എടുത്ത് പറയാനാഗ്രഹിക്കുന്നു. സാംസ്ക്കാരികവും ഭൂമിശാസ്ത്രപരവുമായ പശ്ചാത്തലം അറിയുന്നവരാണ് ഒറ്റപ്പെട്ട മലയോര മേഖലകളിൽ സ്ഥിതി ചെയ്യുന്ന ഏകാധ്യാപക വിദ്യാലയങ്ങളിലെ നിലവിലുള്ള വോളന്റിയർമാർ. വിദ്യാർത്ഥികളുടെ രക്ഷിതാക്കളും കുടുംബങ്ങളുമായും വൈകാരിക ബന്ധം കാത്തുസൂക്ഷിക്കുന്നവരാണ് ഇവരിൽ പലരും. ഇവരുടെ സേവനം തുടർന്നും ഉറപ്പുവരുത്തുന്നതിന് കേരള എഡ്യൂക്കേഷൻ റൂളിൽ ആവശ്യമായ ഭേദഗതി വരുത്തി ഏകാധ്യാപക സ്കൂളിലെ അദ്ധ്യാപകർക്ക് സ്ഥിരനിയമനം നൽകണമെന്നാണ് എനിക്ക് പറയുവാനുള്ളത്. വേതനത്തെക്കാൾ വലിയ സേവനം ചെയ്യുന്നവരാണ് ഈ അദ്ധ്യാപകർ. ഊരുകൾക്ക് സമീപമുള്ള ഏകാധ്യാപക വിദ്യാലയങ്ങൾ സ്നേഹത്തിന്റെയും കാരുണ്യത്തിന്റെയും കൂടാരം കൂടിയാണ്. പട്ടിണിയിൽ നിന്നുള്ള മോചനമാണ് ഇവിടെ കാണുന്നത്. ഇതോടെ വിദ്യാർത്ഥികളും അദ്ധ്യാപകരും അക്ഷരവിദ്യാഭ്യാസത്തിന് തുടക്കം കുറിക്കുകയും ചെയ്യുന്നു. അസുഖം വരുമ്പോൾ ഈ കുട്ടികളെ ആശുപത്രിയിൽ കൊണ്ടുപോകുന്നതുപോലും ഈ അദ്ധ്യാപക സമൂഹമാണ്. ഇങ്ങനെ പഠിച്ചിറങ്ങുന്ന കുട്ടികൾ ഉന്നതവിദ്യാഭ്യാസ രംഗത്ത് ഇന്ന് തുടർന്ന് പഠിക്കുന്ന കാഴ്ച കാണുമ്പോൾ ഏറെ സന്തോഷമുണ്ട്. ഇടുക്കി കഞ്ഞിക്കുഴി പഞ്ചായത്തിൽപ്പെട്ട വി.എസ്. നീതിമോൾ എന്ന കുട്ടി ഇന്ന്

കോഴിക്കോട് ബി.എസ്.സി. നഴ്സിംഗ് വിദ്യാർത്ഥിനിയാണ്, അതുപോലെ ഇടുക്കി ജില്ലക്കാരനായ സൂര്യനാരായണൻ ഇന്ന് ബി.കോം വിദ്യാർത്ഥിയാണ്. ഇവർക്കൊക്കെ അക്ഷരജ്ഞാനം പകർന്നു കൊടുത്ത അദ്ധ്യാപകർക്ക് ഇന്ന് ലഭിക്കുന്ന വേതനം 3000 രൂപയാണ്. 1997–ൽ ഡി.പി.ഇ.പി. പ്രോജക്ടിലൂടെ വരികയും 2003–ൽ എസ്.എസ്.എ. പ്രോജക്ടിലൂടെ തുടർന്ന് വരികയും 2011 മുതൽ പൊതുവിദ്യാഭ്യാസ വകുപ്പിന്റെ കീഴിലുമാണ് ഇവർ ജോലി ചെയ്യുന്നത്. ഏകാധ്യാപക സ്കൂളിലെ അരിവെയ്പ് ജോലി ചെയ്യുന്നവർക്ക് ഡെയ്‌ലി 200 രൂപ കൊടുക്കുമ്പോൾ ഗവൺമെന്റ് ഇവർക്ക് 100 രൂപയാണ് കൊടുക്കുന്നത്. ഒട്ടേറെ ബുദ്ധിമുട്ടികളും ത്യാഗങ്ങളും സഹിച്ച് നടത്തിവരുന്ന ഇവരുടെ സേവനം ഏറെ ചിന്തിക്കപ്പെടേണ്ടതാണ്. ഈ നിയമസഭയിലെ 103 എം.എൽ.എ. മാർ ഒപ്പിട്ട നിവേദനം മുഖ്യമന്ത്രിക്കും വകുപ്പുമന്ത്രിക്കും കൊടുത്തുകഴിഞ്ഞു. സംസ്ഥാന ഗവൺമെന്റിന് എത്രത്തോളം ബാദ്ധ്യത വരുത്തിവയ്ക്കുന്നതാണെങ്കിലും മാനുഷികമായ ഒരു പരിഗണന നൽകി ഇവരുടെ ശമ്പളം വർദ്ധിപ്പിച്ചു കൊടുക്കണം. ഏകാധ്യാപക സ്കൂളുകളെ അപ്ഗ്രേഡ് ചെയ്യുന്ന സാഹചര്യത്തിൽ അവരുടെ ജോലി സ്ഥിരത ഉറപ്പുവരുത്തണം. സർക്കാർ അംഗീകൃത അൺ–എയ്ഡഡ് സ്കൂളുകളിൽ ജോലി ചെയ്യുന്ന അദ്ധ്യാപക–അനദ്ധ്യാപക ജീവനക്കാർക്ക് 14.02.2011–ൽ മിനിമം വേതനം ഉറപ്പാക്കി, സർക്കാർ തൊഴിൽ സംരക്ഷിക്കുമെന്ന് പറയുന്നു. എം.ജി.എൽ.സി. അദ്ധ്യാപകർക്ക് വേതനം 3000 രൂപയാണ്. ഈ സാഹചര്യത്തിൽ നിലവിൽ ഏകാധ്യാപക വിദ്യാലയങ്ങളിൽ സേവനമനുഷ്ഠിക്കുന്ന അദ്ധ്യാപകർക്ക് അവരുടെ വിദ്യാഭ്യാസ യോഗ്യതയുടെയും തൊഴിൽ പരിചയത്തിന്റെയും അടിസ്ഥാനത്തിൽ നിയമനം നൽകണമെന്നും അടിയന്തിര

മായി നിലവിലുള്ള 3000 രൂപ......, മനുഷ്യാവകാശ കമ്മീഷൻ പോലും 10000 രൂപയാക്കി ഉയർത്തണമെന്ന ആവശ്യം പറഞ്ഞുകഴിഞ്ഞിരിക്കുന്നു. അവരുടെ ജീവിതസാഹചര്യത്തെ ഓർത്ത്, കല്യാണം കഴിച്ച് അയച്ച പെൺകുട്ടികൾ, അവരുടെ ജീവിതമാർഗ്ഗം ആത്മഹത്യയുടെ വക്കിലെത്തി നിൽക്കുന്നു; കുടുംബ ജീവിതം തകരുന്നു. ഇത്രയും ബുദ്ധിമുട്ടുള്ള സാഹചര്യം കേരളത്തിൽ നിലനിൽക്കുന്നു. ഇത് കണ്ണീരിന്റെ കഥയാണ്. വർഷങ്ങളോളമായി ജോലി ചെയ്യുന്നവർക്ക് 3000 രൂപ, ഇന്ന് കേരളത്തിൽ ഒരിടത്തും കൊടുക്കാൻ സാദ്ധ്യമല്ല. അതിനാൽ അവരുടെ ശമ്പളം വർദ്ധിപ്പിക്കുകയും സ്ഥിരമായ സേവനം കൊടുക്കത്തക്കനിലയിൽ ജോലി ഉറപ്പുവരുത്തുകയും ചെയ്യണമെന്നാണ് എന്റെ സബ്മിഷൻ.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. പി. കെ. അബ്ദുറബ്ബ്): സർ, സംസ്ഥാനത്ത് പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന ഏകാധ്യാപക വിദ്യാലയങ്ങളെ കേന്ദ്ര വിദ്യാഭ്യാസ അവകാശ നിയമത്തിന്റെ അടിസ്ഥാനത്തിൽ എൽ.പി., യു.പി. സ്കൂളുകളായി അപ്ഗ്രേഡ് ചെയ്യുന്നതിന് കേന്ദ്ര മാനവ വിഭവശേഷി മന്ത്രാലയത്തിന്റെ അനുമതി ലഭിച്ചിട്ടുണ്ട്. 01.03.2014-ലെ ജി.ഒ.(എം.എസ്.) നമ്പർ 44/2014/പൊ.വി.വ. പ്രകാരം 2013-14 വർഷത്തിൽ കേരളത്തിൽ പ്രവർത്തിച്ചിരുന്ന 354 ബദൽ ഏകാധ്യാപക വിദ്യാലയങ്ങളിൽ സ്ഥലവും കെട്ടിടവും സ്വന്തമായുള്ള 111 വിദ്യാലയങ്ങളെ ലോവർ പ്രൈമറി സ്കൂളുകളായി ഉയർത്താൻ ഉത്തരവായിട്ടുണ്ട്. ടി ഉത്തരവ് അനുസരിച്ച് സർക്കാർ അംഗീകാരത്തിന് വിധേയമായി പ്രസ്തുത സ്കൂളുകളിലെ അദ്ധ്യാപക-അനദ്ധ്യാപക തസ്തികകളിൽ ദിവസ വേതനത്തിലാണ് നിയമനം നടത്തേണ്ടത്.

എന്നാൽ ഏകാധ്യാപക വിദ്യാലയങ്ങളിൽ ജോലി ചെയ്തുവരുന്ന അദ്ധ്യാപകരുടെ പ്രസ്തുത വിദ്യാലയങ്ങൾ അപ്ഗ്രേഡ് ചെയ്യുമ്പോൾ സ്ഥിരനിയമനം നൽകി സംരക്ഷിക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് നിരവധി നിവേദനങ്ങൾ സർക്കാരിന് ലഭിച്ചിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ ഏകാധ്യാപക വിദ്യാലയങ്ങളുടെ അദ്ധ്യാപകരുടെ ജോലി സുരക്ഷ സംബന്ധിച്ച് തീരുമാനമെടുക്കുന്നതിനായി വിശദവിവരങ്ങൾ സഹിതം ശുപാർശ സമർപ്പിക്കുന്നതിന് പൊതുവിദ്യാഭ്യാസ ഡയറക്ടറെ ചുമതലപ്പെടുത്തിയിട്ടുണ്ട്. പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ ശുപാർശ ലഭിക്കുന്ന മുറയ്ക്ക് ഇക്കാര്യത്തിൽ തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.

## സൗജന്യ യൂണിഫോം

ശ്രീ. എൻ. എ. നെല്ലിക്കുന്ന്: സർ, സമഭാവനയെയും സമത്വത്തെയും സന്തുലിതാവസ്ഥയെയും കുറിച്ച് കിട്ടുന്ന സന്ദർഭങ്ങളിലെല്ലാം നാമെല്ലാവരും ആവേശപൂർവ്വം സംസാരിക്കാറുണ്ട്. പക്ഷേ ഈ മഹത്തായ ആശയത്തിന് വിത്ത് പാകാൻ പോലും നമുക്ക് താല്പര്യമില്ലെന്നാണ് ചില നടപടിക്രമങ്ങൾ കാണുമ്പോൾ തോന്നിപ്പോകുന്നത്. 8-ാം ക്ലാസ് വരെയുള്ള സ്കൂൾ കുട്ടികൾക്ക് സൗജന്യ യൂണിഫോം നൽകുന്നുണ്ട്. ഇപ്പോൾ എയ്ഡഡ് സ്കൂളുകളിലെ കുട്ടികൾക്കും നൽകാനാണ് തീരുമാനം. രണ്ട് സെറ്റ് യൂണിഫോമുകളാണ് വിദ്യാർത്ഥികൾക്ക് നൽകുന്നത്. സർവ്വശിക്ഷാ അഭിയാൻ 33 കോടി രൂപ ചെലവിൽ സർക്കാർ സ്കൂളുകളിലെ 8.34 ലക്ഷം സ്കൂൾ കുട്ടികൾക്ക് യൂണിഫോം നൽകുമ്പോൾ എയ്ഡഡ് സ്കൂളുകളിലെ കുട്ടികൾക്ക് യൂണിഫോം നൽകാൻ 80 കോടി രൂപയാണ് സംസ്ഥാന സർക്കാർ വിനിയോഗിക്കുന്നത്. പെൺകുട്ടികൾക്കും എസ്.സി./എസ്.ടി. വിഭാഗത്തിലെ

വിദ്യാർത്ഥികൾക്കും ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള കുടുംബങ്ങളിലെ കുട്ടികൾക്കുമാണ് സൗജന്യ യൂണിഫോം നൽകുന്നത്. ഒരു നിയന്ത്രണവും വിവേചനവുമില്ലാതെ എല്ലാ കുട്ടികൾക്കും സൗജന്യ യൂണിഫോം നൽകണമെന്നതാണ് ഞാൻ ഈ സബ്മിഷനിലൂടെ സർക്കാരിനോട് ആവശ്യപ്പെടുന്നത്. എ.പി.എൽ.-ബി.പി.എൽ. വിഭാഗങ്ങളെക്കുറിച്ച് നമുക്കെല്ലാവർക്കും നന്നായിട്ടറിയാം. മുഖ്യമന്ത്രിയുടെ ജനസമ്പർക്ക പരിപാടിയിൽ കൂടുതൽ അപേക്ഷകളും ബി.പി.എൽ. വിഭാഗത്തിൽപ്പെടുത്തുന്നതിനുവേണ്ടിയായിരുന്നു. മണിമാളികകളിൽ താമസിക്കുന്നവർക്ക് ബി.പി.എൽ. കാർഡും ചെറ്റപ്പുരയിൽ കഴിയുന്നവർക്ക് എ.പി.എൽ. കാർഡും നമ്മുടെ സംസ്ഥാനത്തുണ്ട്. റേഷൻ കാർഡിൽ എ.പി.എൽ. എന്ന് എഴുതിപ്പോയതിനാൽ മാത്രം ജീവിതത്തിന്റെ രണ്ടറ്റം കൂട്ടിമുട്ടിക്കാൻ കഴിയാത്ത കുടുംബങ്ങളിൽ നിന്നും വരുന്ന കുട്ടികൾക്ക് യൂണിഫോമുകൾ നിഷേധിക്കുന്നത് ഒരിക്കലും നീതികരിക്കാൻ കഴിയില്ല. ഇത് കുട്ടികളുടെ മനസ്സിലുണ്ടാക്കുന്ന വികാരമെന്തെന്ന് നാമെല്ലാവരും തിരിച്ചറിയണം. വിദ്യാഭ്യാസ അവകാശ നിയമത്തിന്റെ കടയ്ക്കൽ കത്തിവയ്ക്കുന്ന ഒരു നടപടിയുമുണ്ടാകാൻ പാടില്ലെന്നാണ് എനിക്ക് അഭ്യർത്ഥിക്കുവാനുള്ളത്. സൗജന്യ പുസ്തകം, writing materials, uniform, free transportation തുടങ്ങിയ കാര്യങ്ങൾ 2009-ലെ ‘Right of Children to free and compulsory Education Act’-ൽ പറയുന്നു. അതുകൊണ്ട് എല്ലാ കുട്ടികൾക്കും സൗജന്യ യൂണിഫോം നൽകണമെന്നാണ് എനിക്ക് അപേക്ഷിക്കുവാനുള്ളത്.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (<u>ശ്രീ. പി. കെ. അബ്ദുറബ്ബ്):</u> സർ, കേന്ദ്ര മാനവ വിഭവശേഷി വികസന മന്ത്രാലയത്തിന്റെ നിർദ്ദേശമനുസരിച്ചാണ് സർവ്വശിക്ഷാ അഭിയാൻ മുഖേന സൗജന്യ യൂണിഫോം വിതരണം ചെയ്യുന്ന

ത്. സർക്കാർ സ്കൂളുകളിൽ ഒന്ന് മുതൽ എട്ട് വരെ ക്ലാസുകളിൽ പഠിക്കുന്ന എ.പി.എൽ. വിഭാഗം ആൺകുട്ടികൾ ഒഴികെയുള്ള എല്ലാ കുട്ടികൾക്കും സൗജന്യ യൂണിഫോം വിതരണം ചെയ്യാനാണ് കേന്ദ്ര മാനവ വിഭവശേഷി വികസന മന്ത്രാലയം ഫണ്ട് അനുവദിച്ചിട്ടുള്ളത്. ഇതേ മാനദണ്ഡമനുസരിച്ചാണ് എയ്ഡഡ് സ്കൂളുകളിലെ വിദ്യാർത്ഥികൾക്കും 2013–14–ൽ സംസ്ഥാന സർക്കാർ സൗജന്യ യൂണിഫോം നൽകിയത്. കേന്ദ്ര മാനവ വിഭവശേഷി മന്ത്രാലയത്തിന്റെ മാനദണ്ഡപ്രകാരം എ.പി.എൽ. വിഭാഗം ആൺകുട്ടികൾക്ക് സൗജന്യ യൂണിഫോമിന് അർഹതയില്ല. സാമ്പത്തികമായി മുന്നോക്കം നിൽക്കുന്ന ആൺകുട്ടികൾക്ക് മാത്രമാണ് പദ്ധതിയുടെ പ്രയോജനം ലഭിക്കാത്തത്. ഇത് വിവേചനമായി കാണാൻ സാധിക്കില്ല. എങ്കിലും കേന്ദ്ര മാനവ വിഭവശേഷി മന്ത്രാലയം മാനദണ്ഡങ്ങളിൽ മാറ്റം വരുത്തുന്ന മുറയ്ക്ക് ഇക്കാര്യം പുനഃപരിശോധിക്കുന്നതാണ്.

## പുതിയ വിദ്യാഭ്യാസ ജില്ല

ശ്രീ. ചിറ്റയം ഗോപകുമാർ: സർ, അടൂർ വിദ്യാഭ്യാസ ജില്ല അനുവദിക്കുന്നതിനുള്ള നടപടിക്രമങ്ങൾ വേഗത്തിലാക്കണമെന്നതിനുവേണ്ടി സഭയുടെ ശ്രദ്ധയിൽ ഒരിക്കൽ കൂടി ഈ വിഷയം പരിഗണനയ്ക്കായി നൽകുകയാണ്. 13–ാം കേരള നിയമസഭയുടെ എട്ടാം സമ്മേളനത്തിൽ ഈ വിഷയം അങ്ങയുടെ ശ്രദ്ധയിൽ സബ്മിഷനിലൂടെ കൊണ്ടുവന്നിരുന്നു. അദ്ധ്യാപക സമൂഹത്തിന്റേയും വിദ്യാഭ്യാസമേഖലയുമായി ബന്ധപ്പെട്ട് മണ്ഡലത്തിലെ പൊതു സമൂഹത്തിന്റേയും വലിയൊരു സ്വപ്നമാണ് അടൂർ വിദ്യാഭ്യാസ ജില്ല എന്നുള്ളത്. നിലവിൽ പത്തനംതിട്ട റവന്യൂ ജില്ലയുടെ പരിധിയിൽ തിരുവല്ല, പത്തനംതിട്ട എന്നീ രണ്ട് വിദ്യാഭ്യാസ ജില്ലകളാണുള്ളത്. അടൂർ

മണ്ഡലത്തിലെ അതിർത്തിയിൽ നിന്നും വിദൂര സ്ഥലങ്ങളിൽ നിന്നും നിലവിലുള്ള പത്തനംതിട്ട ജില്ലാ വിദ്യാഭ്യാസ ഓഫീസിൽ പോയിവരുന്നത് ഒട്ടേറെ പ്രയാസങ്ങൾ സൃഷ്ടിച്ചിട്ടുണ്ട്. സാമാന്യജനത്തിന് ഇത് തികച്ചും അപ്രാപ്യമായ ഒരു കാര്യമായി മാറിയിരിക്കുകയാണ്. മാത്രമല്ല, നിലവിലുള്ള ജില്ലാ ഓഫീസിലെ വർദ്ധിച്ച ജോലി ബാഹുല്യം ലഘൂകരിച്ച് കാര്യക്ഷമമാക്കുന്നതിനും കൂടി അടൂർ ആസ്ഥാനമാക്കി വിദ്യാഭ്യാസ ജില്ല എന്ന ആവശ്യം അങ്ങ് ഇതിനകം അനുഭാവപൂർവ്വം പരിഗണിച്ചിട്ടുള്ളതാണ്. എന്നാൽ നടപടിക്രമങ്ങൾ കൂടുതൽ എളുപ്പത്തിലാക്കി ഈ നടപ്പു അദ്ധ്യയന വർഷത്തിൽ അടൂർ വിദ്യാഭ്യാസ ജില്ല സാദ്ധ്യമാക്കണമെന്ന് ഒരിക്കൽ കൂടി അങ്ങയുടെ ശ്രദ്ധയിൽപ്പെടുത്തുകയാണ്. എനിക്ക് ലഭ്യമായ വിവരമനുസരിച്ച് ഇതുമായി ബന്ധപ്പെട്ട് 5 പുതിയ തസ്തികകൾ സൃഷ്ടിക്കേണ്ടതായിട്ടുള്ള ശുപാർശ ധനകാര്യ വകുപ്പിന്റെ പരിഗണനയിലാണ്. ബഹുമാനപ്പെട്ട കെ.എം മാണി സാർ കൂടി അനുകൂലമായ സമീപനം സ്വീകരിച്ചാൽ എത്രയും പെട്ടെന്ന് ഈ വിദ്യാഭ്യാസ ജില്ല സാദ്ധ്യമാകും. അതിനുവേണ്ടിയുള്ള ശക്തമായ നടപടികളുണ്ടാകണമെന്ന് അഭ്യർത്ഥിക്കുന്നു.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (<u>ശ്രീ. പി. കെ. അബ്ദുറബ്ബ്):</u> സർ, പത്തനംതിട്ട ജില്ലയിൽ അടൂർ ആസ്ഥാനമായി ഒരു ജില്ലാ വിദ്യാഭ്യാസ ഓഫീസ് ആരംഭിക്കുന്നതിനുള്ള ശുപാർശ സർക്കാരിന്റെ സജീവ പരിഗണനയിലാണ്. പത്തനംതിട്ട ജില്ലയിൽ നിലവിൽ പത്തനംതിട്ട, തിരുവല്ല ആസ്ഥാനമായി രണ്ട് വിദ്യാഭ്യാസ ജില്ലകളാണുള്ളത്. ഇതിൽ പത്തനംതിട്ട വിദ്യാഭ്യാസ ജില്ലയുടെ പരിധിയിൽ തന്നെ നൂറിലധികം സ്കൂളുകൾ പ്രവർത്തിക്കുന്നു. ഇതു

മൂലം ഈ ഓഫീസിന്റെ പ്രവർത്തനങ്ങൾക്ക് വളരെയധികം ബുദ്ധിമുട്ടുകള നുഭവപ്പെടുന്നുണ്ട്. അടൂർ, പന്തളം വിദ്യാഭ്യാസ ഉപജില്ലകൾ ഉൾപ്പെടുത്തി അടൂർ കേന്ദ്രമാക്കി പുതിയ ജില്ലാ വിദ്യാഭ്യാസ ഓഫീസ് രൂപീകരിച്ച് അതിൽ പത്തനംതിട്ട ജില്ലാ വിദ്യാഭ്യാസ ഓഫീസിന്റെ പരിധിയിലുള്ള ഒരു ഹൈസ്കൂളും ഉൾപ്പെടുത്താവുന്നതാണെന്ന ശുപാർശ ലഭിച്ചിട്ടുണ്ട്. ഇതിനാ വശ്യമായ കെട്ടിടം, ഫർണ്ണിച്ചർ എന്നിവയ്ക്കുള്ള സഹായം ബഹുമാനപ്പെട്ട അടൂർ എം.എൽ.എ. യുടെ ഫണ്ടിൽ നിന്നും അനുവദിച്ചു നൽകാമെന്ന് ഉറപ്പ് നൽകിയിട്ടുണ്ട്. നിയുക്ത ജില്ലാ വിദ്യാഭ്യാസ ഓഫീസ് ആരംഭിക്കുന്നതിനാവ ശ്യമായ തസ്തികകളിൽ തിരുവല്ല ഡയറ്റ്, പന്തളം, ആറന്മുള, തിരുവല്ല, വെണ്ണിക്കുളം, മല്ലപ്പള്ളി, പുല്ലാട്, കോഴഞ്ചേരി, പത്തനംതിട്ട എന്നീ ഉപജില്ലാ ഓഫീസുകൾ, പത്തനംതിട്ട ജില്ലാ വിദ്യാഭ്യാസ ഓഫീസ്, പത്തനംതിട്ട-തിരു വല്ല ടെക്സ്റ്റ് ബുക്ക് ഡിപ്പോകൾ എന്നീ ഓഫീസുകളിൽ നിന്നും ജീവന ക്കാരെ പുനർവിന്യാസത്തിലൂടെ കണ്ടെത്താമെന്ന് ഉദ്ദേശിക്കുന്നു. ഇതിനുപു റമെ ഒരു ജില്ലാ വിദ്യാഭ്യാസ ഓഫീസർ, പേഴ്സണൽ അസിസ്റ്റന്റ്, രണ്ട് ജൂനി യർ സൂപ്രണ്ട് എന്നീ തസ്തികകൾ പുതിയതായി സൃഷ്ടിക്കേണ്ടതായി വരും. ഇത് സംബന്ധിച്ചുള്ള പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ വിശദമായ പ്രൊപ്പോസലടങ്ങിയ ഫയൽ ധനകാര്യ വകുപ്പിന്റെ പരിശോധനയ്ക്കും അനുമതിക്കുമായി അയച്ചിട്ടുണ്ട്. ധനകാര്യ വകുപ്പിന്റെ അനുമതി ലഭിക്കുന്ന മുറയ്ക്ക് ഇക്കാര്യത്തിൽ അനന്തര നടപടികൾ സ്വീകരിക്കുന്നതാണ്.